# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--384]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 390 മുതൽ 569 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 570 മുതൽ 640 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 641 മുതൽ 720 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 721 മുതൽ 773 വരെ |

## ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

390 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമായ വകുപ്പുകൾ/മേഖലകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) അവയിൽ പൂർത്തിയായ പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## വാർഷിക പദ്ധതിയിൽ വെട്ടിച്ചുരുക്കൽ

391 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ലെ വാർഷിക പദ്ധതിയിൽ അംഗീകാരം നൽകിയ പ്രോജക്ടുകൾ/പദ്ധതികൾ 50% വരെ വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ വെട്ടിച്ചുരുക്കുമ്പോൾ സ്പെഷ്യൽ കംപോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ എന്നീ ഘടക പദ്ധതികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന തുകയിലും വെട്ടിച്ചുരുക്കൽ സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## വിദ്യാഭ്യാസ വായ്പ

392 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളിൽ ഭൂരിഭാഗവും വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസം ആഗ്രഹിച്ച് പഠനം ആരംഭിച്ച കുട്ടികളിൽ പലരും ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടും വായ്പ ലഭിക്കാതെ വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടതായ സ്ഥിതിവിശേഷം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാനസികപ്രയാസങ്ങൾ അടക്കമുള്ള ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നിരിക്കെ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പദ്ധതി തുക വെട്ടിച്ചുരുക്കൽ

393 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി മൂലം 2024-25 ലെ വാർഷിക പദ്ധതിയുടെ ഭാഗമായവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ ഉത്തരവിനെ തുടർന്ന് തുക വെട്ടിച്ചുരുക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ ?

## ധന ഉത്തരവാദിത്ത നിയമം

394 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിതകാലയളവിൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും ധനക്കമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ നിറവേറ്റാൻ കഴിയാത്തവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യ സ്ഥിതിയെക്കുറിച്ചുമുള്ള കേരള പൊതു ചെലവ് അവലോകന സമിതിയുടെ എത്ര റിപ്പോർട്ടുകൾ ഇനിയും സർക്കാരിന് സമർപ്പിക്കാനുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ഡി) ധനക്കമ്മി കുറച്ചു കൊണ്ടുവരുന്നതിനായി മുൻകാലങ്ങളിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

## വരുമാനം വർദ്ധിപ്പിക്കാൻ നടപടി

395 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിച്ച ആകെ വരുമാനം എത്രയാണെന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഘടക പദ്ധതി തുകയിലെ കുറവ്

396 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി മൂലം 2024-25 ലെ വാർഷിക പദ്ധതിയുടെ ഭാഗമായുള്ളവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ 50% ആയി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ ഉത്തരവിനെ തുടർന്ന് എസ്.സി.പി/ടി.എസ്.പി. ഘടക പദ്ധതിയിൽ എത്ര രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പദ്ധതി വിഹിതത്തിലെ വെട്ടിക്കുറവ്

397 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി മൂലം 2024-25 സാമ്പത്തികവർഷത്തെ പദ്ധതിയുടെ ഭാഗമായവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് അവ മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ അൻപത് ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വെട്ടിക്കുറവ് സംസ്ഥാനത്തെ പദ്ധതി പ്രവർത്തനത്തിന്റെ താളം തെറ്റിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ

398 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം, വണ്ടാഴി പഞ്ചായത്തുകളിലെ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങളുടെ നിർമ്മാണങ്ങളുടേയും എരിമയൂർ പഞ്ചായത്തിലെ ബഡ്സ് സ്കൂളിന് വാഹനം വാങ്ങൽ പദ്ധതിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പദ്ധതി വെട്ടിക്കുറവ്

399 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി മൂലം 2024-25 ലെ വാർഷിക പദ്ധതിയുടെ ഭാഗമായുള്ളവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സമിതി പരിശോധിച്ച് അവ മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ അൻപത് ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ ഉത്തരവിനെ തുടർന്ന് മാറ്റിവച്ച പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ?

## മണലൂർ പറമ്പന്തളി-മാനിന റോഡിന്റെ അറ്റകുറ്റ പണികൾ

400 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പറമ്പന്തളി - മാനിന റോഡിന്റെ അറ്റകുറ്റ പണികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റി സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കടബാധ്യത

401 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യതയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഘടകങ്ങളിലും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കടം എത്ര വീതം ആയിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

## വിപണി വായ്പയായി സമാഹരിച്ച തുക

402 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ വിപണി വായ്പയായി ഓരോ സാമ്പത്തിക വർഷവും സമാഹരിച്ച തുക എത്രയാണെന്നും പ്രസ്തുത വായ്പകളുടെ പലിശ നിരക്ക് എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കടമെടുപ്പ് പരിധി

403 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം കടമെടുപ്പ് പരിധിയായി കേന്ദ്രം അനുവദിച്ചത് എത്ര തുകയാണെന്നും നാളിതുവരെ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മൊത്തം ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ കടമെടുപ്പ് പരിധിയായി നിശ്ചയിച്ചിട്ടുള്ളതെന്നും കടമെടുപ്പ് പരിധി ഉയർത്തണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നും ഈ കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്നും അറിയിക്കുമോ;

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യമാണോ നിലവിലുള്ളത്; ആണെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശം നൽകുമോ?

## <u>കിഫ്ബിയുടെ പ്രവർത്തനം</u>

404 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ആരംഭം മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കിഫ്ബിയിൽ നിന്നും ഓരോ വകുപ്പിനും ഇതുവരെയായി എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) എത്ര കോടി രൂപ ഇതുവരെയായി കിഫ്ബിയിൽ നിന്നും ഓരോ വകുപ്പിനും നൽകിയിട്ടുണ്ട്; വെളിപ്പെടുത്താമോ?

## <u>കിഫ്ബി പദ്ധതികൾ</u>

405 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്; എത്ര കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്; എത്ര പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്; എത്ര പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## <u>ഗുരുവായൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>

406 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ഗുരുവായൂർ നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കുമോ;

(ബി) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ-മമ്മിയൂർ ഫ്ലൈഓവർ നിർമ്മാണം കിഫ്ബി പ്രവൃത്തിയിൽ നിർദ്ദേശിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങൾക്ക് കിഫ്ബി ഫണ്ട്

407 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതു വിദ്യാലയങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുള്ളവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും നിർമ്മാണം ആരംഭിക്കാനുള്ള കെട്ടിടങ്ങൾ, നിർമ്മാണച്ചുമതലയുള്ള ഏജൻസികൾ, നിർമ്മാണം വൈകുന്നുവെങ്കിൽ ആയതിന്റെ കാരണം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഒലവക്കോട്-ധോണി റോഡ് നിർമ്മാണം

408 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണമാരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

## മലപ്പുറം ഗവ. വനിത കോളേജിനുള്ള കിഫ്ബി ഫണ്ട്

409 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെൻറ് വനിത ആർട്സ് ആന്റ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷം അനുവദിച്ച കിഫ്ബി ഫണ്ടിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗത്തിന്റെ സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

## അരൂർ കാക്കത്തുരുത്ത് പാലം നിർമ്മാണം

410 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് കിഫ്‌ബി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്നും വിശദമാക്കാമോ?

## <u>വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം</u>

411 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്‌ബിയുടെ പുതുക്കിയ ധനാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## <u>കൊയിലാണ്ടി മണ്ഡലത്തിലെ കൊല്ലം റെയിൽ ഓവർ ബ്രിഡ്ജ്</u>

412 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കിഫ്‌ബിയിൽ നിന്നും തുക വകയിരുത്തുകയും സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തെങ്കിലും കെ-റെയിൽ പദ്ധതിയിലെ അനിശ്ചിതത്വം മൂലം തുടർ നടപടികൾ സ്വീകരിക്കാതിരുന്ന കൊല്ലം - മേപ്പയൂർ റോഡിൽ കൊല്ലം റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## <u>കുന്ദമംഗലം ബൈപ്പാസ് നിർമ്മാണം</u>

413 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുകയും ആർ.ബി.ഡി.സി.കെ- യെ നിർവ്വഹണം ഏൽപ്പിക്കുകയും ചെയ്ത കുന്ദമംഗലം ബൈപ്പാസ് നിർമ്മാണ പ്രവൃത്തി തുടങ്ങേണ്ടതില്ലെന്ന് കിഫ്‌ബി തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ദേശീയപാത 766-ൽ കൊടുവള്ളിയിലും താമരശ്ശേരിയിലും മാത്രമാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പദ്ധതിയിൽ ബൈപ്പാസ് വിഭാവനം ചെയ്തിട്ടുള്ളതെന്നും കുന്ദമംഗലം ബൈപ്പാസ് ഒഴിവാക്കാൻ കാരണം കിഫ്‌ബി പദ്ധതി ഉള്ളതുകൊണ്ടാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

414 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

**<u>മങ്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

415 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

**<u>ചേലക്കര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

416 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് ചേലക്കര നിയോജക മണ്ഡലത്തിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകാനുണ്ട്; വിശദാംശം നൽകാമോ?

**<u>കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം</u>**

417 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയതിനെതുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഏഴ് വർഷമായി ധനാനുമതി ലഭിക്കാത്തതിന് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വകരിക്കുമോ;ഈ പദ്ധതിക്കുള്ള പ്രധാന തടസ്സം വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ശരിയായ രീതിയിൽ സമർപ്പിക്കാത്ത എസ്.പി.വി-യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതു

സംബന്ധിച്ച് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എസ്.പി.വി യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കണം എന്നാവശ്യപ്പെട്ട് കിഫ്ബി കത്ത് നൽകിയിട്ടുണ്ടോ; ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

418 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ആയവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, മലയോര ഹൈവേ വിളങ്ങന്നൂർ-വെള്ളിക്കുളങ്ങര റീച്ച് തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

419 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരത്തെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് റെയിൽവേ മേൽപ്പാലം, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികതുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പിറവം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

420 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ നിന്നും നിലവിൽ ഏതൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കിഫ്ബി മുമ്പാകെ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) പിറവം മണ്ഡലത്തിൽ നിന്നും നിലവിൽ കിഫ്ബി മുഖേനയുള്ള എത്ര പദ്ധതികൾ പുതുക്കിയ ഭരണാനുമതിയ്ക്കായി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദീകരിക്കാമോ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖേന മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കിഫ്ബി പദ്ധതികളിലെ കാലതാമസം

421 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് കിഫ്ബി നടപ്പിലാക്കി വരുന്ന പ്രോജക്ടുകളിൽ പുതിയ പ്രോജക്ടുകൾ പരിഗണിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മണ്ണന്തല - പൗഡിക്കോണം - ശ്രീകാര്യം മാതൃകാ റോഡിന്റെ രണ്ടാം റീച്ചായ പൗഡിക്കോണം - ശ്രീകാര്യം റോഡിന്റെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക കൈമാറുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത തുക കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ഡി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## <u>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കിഫ്ബി പ്രവൃത്തികൾ</u>

422 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കിഫ്ബി പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം ഓരോ പ്രവൃത്തികളും പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിരുന്ന സമയപരിധി വിശദമാക്കാമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ;

(ഡി) നിലവിലെ നിർവ്വഹണ ഏജൻസിയായ ഇൻകൽ -ന് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കഴിയുമോ; വിശദമാക്കാമോ;

(ഇ) മാസ്റ്റർ പ്ലാൻ പ്രകാരം അവശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ വിശദമാക്കാമോ?

## <u>കിഫ്ബി മസാല ബോണ്ട്</u>

423 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടിലൂടെ കിഫ്ബി സമാഹരിച്ച തുക, മുതലും പലിശയും ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ട തുക, നാളിതുവരെ തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഏത് കമ്പനി മുഖേനയാണ് മസാല ബോണ്ടിലൂടെ കിഫ്ബി പണം സമാഹരിച്ചതെന്നും പ്രസ്തുത കമ്പനിയെ കണ്ടെത്തിയ രീതി എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) 2018 നവംബർ 16ന് സി.ഡി.പി.ക്യൂ. കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഏത് വിഷയത്തിന്മേലാണ് ചർച്ച നടന്നതെന്നും പ്രസ്തുത ചർച്ചയിൽ ആരൊക്കെ പങ്കെടുത്തുവെന്നും എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കിഫ്ബിയുടെ പ്രവർത്തനങ്ങൾ

424 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക ഉപരോധ സമാനമായ സാഹചര്യം നേരിടുമ്പോഴും ബോധപൂർവ്വം അനാവശ്യ വിവാദങ്ങളുണ്ടാക്കി കേരളത്തെ സാമ്പത്തികമായി തകർക്കാൻ ചില ഏജൻസികൾ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യവികസനമെന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ കൈപിടിച്ചുയർത്തുന്നതിൽ കിഫ്ബി നൽകിയിട്ടുള്ള സംഭാവനകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ സ്ഥാപനം ലക്ഷ്യമിട്ട് കിഫ്ബി നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനത്തെ മികവിന്റെ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു കൂടി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സാമ്പത്തിക ഇടനാഴികളുടെ വികസനത്തിനായി കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കിഫ്ബിയുടെ വായ്പകൾ

425 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ വിവിധ അക്കൗണ്ടുകളിലായി നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട്; കണക്ക് ലഭ്യമാക്കുമോ;

(ബി) കിഫ്ബി ആരംഭിച്ചതിന് ശേഷം നാളിതുവരെ എന്ത് തുക സമാഹരിച്ചിട്ടുണ്ടെന്ന വിവരം ഇനവും വർഷവും തിരിച്ച് ലഭ്യമാക്കുമോ;

(സി) വിവിധ ഏജൻസികളിൽ നിന്നും കിഫ്ബി എടുത്ത വായ്പകൾക്ക് തിരിച്ചടവ് ആരംഭിക്കുന്ന തീയതി, തിരിച്ചടവ് കാലാവധി, നാളിതുവരെ തിരിച്ചടച്ച തുക എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കിഫ്ബിയുടെ ഏതെങ്കിലും വായ്പകളോ ബോണ്ടുകളോ വിദേശ കറൻസി നിരക്കിൽ തിരിച്ചടയ്ക്കേണ്ടതുണ്ടോ; എങ്കിൽ അത്തരം വായ്പകളുടെയും ബോണ്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണം

426 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലൂടെ കടന്നു പോകുന്നതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതുമായ മലയോര ഹൈവേയുടെ നിർമ്മാണം 12 മീറ്റർ വീതി ലഭ്യമല്ലാത്തതിനാൽ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയോര ഹൈവേ കടന്നു പോകുന്ന കോതമംഗലം മണ്ഡലത്തിലെ പ്രദേശങ്ങളിൽ 12 മീറ്റർ വീതി ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത റോഡ് അടിയന്തരമായി ബി.എം.ബി.സി. ടാറിംഗ് ചെയ്ത് നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

427 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക വികസന ഫണ്ടിൽ തുക അവശേഷിക്കാത്ത സാഹചര്യത്തിൽ 2020 -21 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂരിലെ വിവിധ സർക്കാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇരുപത് ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി പ്രത്യേകാനുമതി അവശ്യപ്പെട്ട് എം.എൽ. എ. പുനഃസമർപ്പിച്ച നിവേദനം (ഫയൽ നമ്പർ N C -B 2/ 112 / 2023, കമ്പ്യൂട്ടർ നമ്പർ 8995020) സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

## മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

428 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വരെ ഏതെല്ലാം പദ്ധതികൾക്കാണ് മണലൂർ മണ്ഡലത്തിൽ നിന്നും ശിപാർശ നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഇനി ഭരണാനുമതി നൽകാനുള്ളവ ഏതൊക്കെയാണെന്നും അവയ്ക്ക് ഇതുവരെ ഭരണാനുമതി നൽകാൻ കഴിയാത്തത് എന്തു കൊണ്ടാണെന്നും അറിയിക്കാമോ;

(ഇ) ബാക്കിയുള്ള പ്രവൃത്തികൾക്ക് എത്രയും വേഗം ഭരണാനുമതി നൽകാൻ വേണ്ട

നടപടി എടുക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## ആസ്തി വികസന ഫണ്ട്

429 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) നിലവിലെ മാനദണ്ഡങ്ങളിൽപ്പെടാത്ത ജനോപകാരപ്രദമായ പദ്ധതികൾ കൂടി ഉൾപ്പെടുത്തി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമോയെന്ന് അറിയിക്കുമോ?

## ആസ്തി വികസന ഫണ്ടിൽ നിന്ന് വിദ്യാലയങ്ങൾക്ക് വാഹനം

430 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് വാഹനങ്ങൾ വാങ്ങാൻ പ്രൊപ്പോസലുകൾ നൽകിയതെന്നും അതിൽ ഏതെല്ലാം സ്കൂളുകൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വർഷം, തുക തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും വാഹനങ്ങൾ ലഭിക്കാത്ത വിദ്യാലയങ്ങളുണ്ടോ; എങ്കിൽ വിദ്യാലയം തിരിച്ച് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വാഹനങ്ങൾക്ക് പണം നൽകുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശിക എപ്പോൾ തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ പ്രവൃത്തികൾ

431 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ 2021-2025 കാലഘട്ടത്തിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ പ്രകാരം അനുവദിക്കപ്പെട്ടതും നിർവ്വഹണം പുരോഗമിച്ച് വരുന്നതും നിരവധി തവണ ടെണ്ടർ ചെയ്തിട്ടും കരാറുകാരിൽ നിന്നും പ്രതികരണം ലഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) മേൽപ്പദ്ധതികൾ പ്രകാരം ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി ശുപാർശ നൽകിയിട്ടുള്ള പ്രവൃത്തികളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

432 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങൽ

433 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുന്നതിന് ഗവ. ഇ-മാർക്കറ്റ് പ്ലേസ് മുഖേന നടപടി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അംഗീകൃത ഡീലർമാരിൽ നിന്നും ടെണ്ടർ മുഖേന വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നത് പരിഗണനയിലുണ്ടോ;

(സി) മേൽവിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ടെണ്ടർ ബാലൻസ്

434 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി എം.എൽ.എ. യുടെ 2020-2021 വർഷം മുതലുള്ള ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ നിന്നും അനുവദിച്ച പ്രവർത്തികളുടെ ടെണ്ടർ ബാലൻസ് തുക വർഷം തിരിച്ച് നൽകാമോ?

## ആസ്തി വികസന ഫണ്ട്

435 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവ് ഇറക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

436 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ ടെണ്ടർ പോയിട്ടില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻകര പോലുള്ള തീരദേശ മണ്ഡലത്തിലെ പ്രവൃത്തികൾ ടെണ്ടർ പേവാത്തതിനാൽ തുക നഷ്ടമാകുവാനുള്ള സാധ്യതകളും ജനങ്ങളുടെ ഗതാഗത ക്ലേശവും കണക്കിലെടുത്ത് 06.03.19-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 539/2019 ഉത്തരവ് പ്രകാരം നൽകിയിരുന്നതുപോലെ അനുയോജ്യമായ നിരക്കിലുള്ള കോസ്റ്റ് ഇൻഡക്സ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് എം.എൽ.എ. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയുടെഅടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ 27.09.24 ന് ധനകാര്യ വകുപ്പിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഫയലിൽ (ഫയൽ നമ്പർ NCB3/86/2024/FIN) നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ജനങ്ങൾ ഗതാഗതത്തിനായി ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

## വർക്കല മണ്ഡലത്തിലെ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ്

437 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; വിശദമാക്കാമോ?

## ദേവികുളം മണ്ഡലത്തിലെ പ്രത്യേക വികസന നിധി പ്രവൃത്തികൾ

438 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രത്യേക വികസന നിധി ഉപയോഗിച്ച് ദേവികുളം മണ്ഡലത്തിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന് 2021-22 മുതൽ സമർപ്പിച്ച പ്രൊപ്പോസലുകൾ വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വർഷം തിരിച്ച് വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ പ്രവൃത്തികൾ

439 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ ഭരണാനുമതി ലഭിച്ച വർക്കല മണ്ഡലത്തിലെ ആസ്തി വികസന, പ്രത്യേക വികസന ഫണ്ടുകൾ വിനിയോഗിച്ചുള്ള പ്രവൃത്തികളിൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെൻഡർ നടപടി പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ?

## എം.എൽ.എ. ഫണ്ടുകളുടെ വിനിയോഗം

440 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എ.ഡി.എസ്./എസ്.ഡി.എഫ്. പ്രകാരമുള്ള ഫണ്ടുകൾ വിനിയോഗിക്കുന്നതിന് നേരത്തേയുള്ള മാനദണ്ഡങ്ങളിൽ നിലവിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ സംബന്ധിച്ച ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നേരത്തെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ നാശോന്മുഖമായിട്ടും മാനദണ്ഡ പ്രകാരം റീടാറിംഗ് അനുവദനീയമല്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ പുനപരിശോധിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## സംസ്ഥാനത്തിന് നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ

441 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അർഹതപ്പെട്ട എന്തെല്ലാം ആനുകൂല്യങ്ങളും ഗ്രാന്റുകളുമാണ് കേന്ദ്ര സർക്കാർ നിഷേധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയായതിന് കാരണമിതാണോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നിഷേധിക്കപ്പെട്ട ഫണ്ടുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ /ഡി.ആർ കുടിശ്ശിക, ശമ്പള / പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ എത്ര കോടി രൂപ അനുവദിക്കാനുണ്ട്; ഈ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

442 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പങ്കിടൽ വ്യവസ്ഥ പുനക്രമീകരിച്ചത് മൂലം സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തൊണ്ണൂറ് ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന കോർ ഓഫ് ദ കോർ പദ്ധതികൾ എത്രയെണ്ണം നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ചുവെന്നും

ഇതിനായി ലഭിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

**ധനകാര്യ കമ്മീഷൻ അനുവദിച്ച തുക**

443 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം കേന്ദ്ര ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ വരെ സംസ്ഥാനത്തിന് ഓരോ ധനകാര്യ കമ്മീഷനും അനുവദിച്ച നികുതി വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷനുകൾ ഓരോന്നും സംസ്ഥാനങ്ങൾക്ക് മൊത്തം നികുതി വിഹിതത്തിന്റെ എത്ര ശതമാനമാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കമ്മീഷനുകളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിന് അനുവദിച്ച തുക എത്രയാണെന്ന് കമ്മീഷൻ തിരിച്ച് വ്യക്തമാക്കാമോ?

**പദ്ധതികളിലെ കേന്ദ്ര സർക്കാർ വിഹിതം**

444 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന വിഹിതം നാല്പത് ശതമാനമോ അതിലധികമോ ഉള്ള പദ്ധതികൾ കേന്ദ്രം നിർദേശിക്കുന്ന പേരുകളിൽ നടത്തുന്നതിനായി ഇത്തരം പദ്ധതികൾക്ക് അർഹമായ ഗ്രാന്റുകളും വിഹിതവും നൽകുന്നതിൽ കേന്ദ്ര സർക്കാർ മനഃപൂർവ്വമായ വീഴ്ച വരുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം**

445 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധയിനങ്ങളിലായി സംസ്ഥാന സർക്കാരിന് ഈ വർഷം കേന്ദ്രസർക്കാർ നൽകേണ്ട അർഹതപ്പെട്ട വിഹിതം എത്ര വീതമാണ്; ഇതിൽ ഓരോ ഇനത്തിലും എത്ര തുക ഈ വർഷം ലഭിച്ചിട്ടുണ്ട്; ഇനി ഓരോ ഇനത്തിലും ലഭിക്കാൻ എത്ര തുക ബാക്കിയുണ്ട്; വിശദമാക്കുമോ;

(ബി) ഈ വർഷം ലഭിക്കേണ്ട ഏതെങ്കിലും ഇനത്തിലെ അർഹതപ്പെട്ട വിഹിതം നൽകാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; ഏതെങ്കിലും ഇനത്തിലെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്ര നികുതിയുടെ അൻപത് ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണം എന്ന നിർദ്ദേശം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; അതിന് ഉപോൽബലകമായി എന്തെല്ലാം വാദങ്ങളാണ് നൽകിയിട്ടുള്ളത്;

(ഡി) കേന്ദ്രവും സംസ്ഥാനവുമായുള്ള സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ നൽകിയ

കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

## പതിനാറാം ധനകാര്യ കമ്മീഷൻ

446 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മുതൽ ലഭ്യമാകേണ്ട കേന്ദ്ര സഹായത്തിനായി എന്തെല്ലാം കാര്യങ്ങളാണ് 16-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം അവതരിപ്പിച്ചതെന്നും കമ്മീഷന്റെ സമീപനം എന്തായിരുന്നു എന്നും വിശദമാക്കുമോ;

(ബി) 15-ാം ധനകാര്യ കമ്മീഷൻ നൽകിയ ശിപാർശകളിൽ കേന്ദ്ര സർക്കാർ നടപ്പാക്കാത്തവ എന്തെല്ലാമെന്നും ആയത് 16-ാം ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയോ എന്നും എങ്കിൽ അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

## നബാർഡിന് സമർപ്പിച്ച പ്രപ്പോസലുകൾ

447 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എത്ര പദ്ധതി പ്രപ്പോസലുകൾ നബാർഡിന് സമർപ്പിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യകത്മാക്കാമോ;

(ബി) ഇവയിൽ നബാർഡ് അംഗീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) മുക്കം സാമൂഹ്യാരോഗ്യ കേന്ദ്രത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച പ്രപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## ജീവനക്കാരുടെ ക്ഷാമബത്ത

448 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ക്ഷാമബത്ത, ആയതിന്റെ കുടിശ്ശിക എന്നിവ കൃത്യമായി ലഭ്യമാക്കാത്തത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലോ ഹൈക്കോടതിയിലോ കേസുകൾ നിലവിലുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത കേസുകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ അറിയിക്കാമോ;

(ബി) വർഷത്തിൽ രണ്ട് തവണ ഡി.എ. നൽകുമെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ആയത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് അറിയിക്കാമോ;

(സി) ക്ഷാമബത്ത കുടിശ്ശിക പൂർണ്ണമായും ലഭ്യമാക്കുമോ; എങ്കിൽ ആയതിന് മുൻകാല പ്രാബല്യം ലഭ്യമാക്കുമോ;

(ഡി) നിലവിൽ ലഭ്യമാക്കിയ ക്ഷാമബത്തയുടെ കുടിശ്ശിക തീയതി മുതൽ അനുവദിക്കപ്പെട്ട തീയതി വരെയുള്ള തുക ലഭ്യമാക്കുമോ?

## ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർ

449 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർ എത്രപേരുണ്ടെന്നും അവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്തെല്ലാമാണെന്നും വകുപ്പ് തിരിച്ച് വിവരം നൽകാമോ;

(ബി) വകുപ്പുതല നടപടികളുടെ ഭാഗമായി പ്രസ്തുത ജീവനക്കാർ എത്ര തുക തിരിച്ചടച്ചുവെന്നും ഇനി തിരിച്ചടക്കാനുള്ള തുകയുടെ വിശദാംശങ്ങളും വകുപ്പ് തിരിച്ച് നൽകാമോ?

## സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത

450 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര തവണ സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രഖ്യാപിച്ച ക്ഷാമബത്തയിൽ എത്ര നാളത്തെ കുടിശ്ശികയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടിശിക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര മാസത്തെ ക്ഷാമബത്ത കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ഷാമബത്ത വർദ്ധിപ്പിച്ച ഉത്തരവിൽ കുടിശിക എന്ന് നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ?

## മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി

451 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി നിലവിൽ വന്നതിനു ശേഷവും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി തുടരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മെഡിസെപ്പിന്റെ പരിധിയിൽ വരുന്ന ചികിത്സകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) റീ-ഇമ്പേഴ്സ്മെന്റ് പദ്ധതിയുടെ പരിധിയിൽ വരുന്ന ചികിത്സകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മെഡിസെപ്പ്, റീ-ഇമ്പേഴ്സ്മെന്റ് പദ്ധതികൾ പ്രകാരം തീർപ്പാക്കിയ ക്ലെയിമുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പദ്ധതി

452 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി നിലവിൽ വന്നതിനുശേഷവും സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുടരുന്നുണ്ടോ; എങ്കിൽ അതിന്റെ നിബന്ധനകളും വ്യവസ്ഥകളും വിശദമാക്കാമോ;

(ബി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് അംഗീകൃത ഗവൺമെന്റ് മെഡിക്കൽ ഓഫീസറുടെ റഫറൻസ് ആവശ്യമുണ്ടോ; വ്യക്തമാക്കാമോ?

## <u>ധനകാര്യവകുപ്പിലെ പുനർനിയമനങ്ങൾ</u>

453 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ 2025 ജനുവരി വരെ സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ സ്ഥിരമോ താൽക്കാലികമോ ആയിട്ടുള്ള തസ്തികകളിൽ പുനർനിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പുനർ നിയമനങ്ങളിൽ കേരള സർവീസ് ചട്ടം 100 ലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ചട്ടലംഘനം നടന്നിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) മന്ത്രിസഭയുടെ അംഗീകാരമില്ലാതെ പുനർനിയമനം അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും കാരണവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പുനർ നിയമനങ്ങൾ പ്രകാരം ജോലി ചെയ്യുന്നവർക്ക് അനുവദിച്ചിട്ടുള്ള ശമ്പളത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

## <u>മെഡിസെപ് പദ്ധതി</u>

454 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആശുപത്രികളിൽനിന്നും പ്രസ്തുത പദ്ധതി മുഖേന ചികിത്സ ലഭിക്കാത്തതുമൂലം സർക്കാർ ജീവനക്കാരും പെൻഷൻകാരും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് മെഡിസെപ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും നിലവിലെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

455 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) സർക്കാർ നിയോഗിച്ച പുനഃപരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ആയതിന്മേൽ സ്വീകരിച്ച തുടർ നടപടി എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സമിതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ഡി) 2024-25 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പെൻഷൻ പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടി എന്താണെന്നും പദ്ധതി ഏത് രീതിയിലാണ് നടപ്പാക്കുന്നതെന്നും ജീവനക്കാരിൽ നിന്നും വിഹിതം ഈടാക്കാതെ പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

## <u>മെഡിസെപ് പദ്ധതിയിലെ ഡാറ്റ സുരക്ഷ</u>

456 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പോർട്ടലിന്റെ സോഫ്റ്റ്‌വെയർ ദേശീയ ഡാറ്റാ സംരക്ഷണ മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് ഇൻഫർമേഷൻ ടെക്നോളജി (റീസണബിൾ സെക്യൂരിറ്റി പ്രാക്ടീസസ് ആന്റ് പ്രൊസീഡ്യുവേഴ്സ് ആന്റ് സെൻസിറ്റീവ് പേഴ്സണൽ ഡാറ്റാ ഓർ ഇൻഫർമേഷൻ) റൂൾസ്, 2011-ന് അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) സുരക്ഷാ വീഴ്ചകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി പ്രസ്തുത സോഫ്റ്റ്‌വെയറിൽ ചട്ടപ്രകാരമുള്ള കാലാനുസൃത ഓഡിറ്റുകൾ നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായി ആധാർ, ബിയോമെട്രിക് വിവരങ്ങൾ, ആരോഗ്യ സംബന്ധമായ വ്യക്തിഗത വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിന് മുന്നോടിയായി വ്യക്തികളിൽ നിന്ന് വ്യക്തമായ സമ്മതം നേടാൻ ആധാർ ആക്ട്, 2016-നും കെ.എസ്. പുട്ടസ്വാമി Vs യൂണിയൻ ഓഫ് ഇന്ത്യ, 2017-ലെ സുപ്രീംകോടതി വിധിക്കും അനുസൃതമായുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ശേഖരിക്കുന്ന വ്യക്തിഗത ഡാറ്റയുടെ സുരക്ഷിത സംഭരണത്തിനും പ്രോസസ്സിംഗിനും ഐ.റ്റി ആക്ട് 2000, ഡിജിറ്റൽ പേഴ്സണൽ ഡാറ്റാ പ്രൊട്ടക്ഷൻ ആക്ട് 2023 എന്നീ നിയമങ്ങൾ അനുസരിച്ച് എന്തെല്ലാം മാനദണ്ഡങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) അനധികൃത ഉപയോഗം തടയാൻ ഈ ഡാറ്റയുടെ സംഭരണവും ഇല്ലാതാക്കലും സംബന്ധിച്ച് അനുവർത്തിക്കുന്ന പ്രോട്ടോക്കോളുകൾ എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) മെഡിസെപ് പോർട്ടൽ വഴി ശേഖരിക്കുന്ന ഡാറ്റ കൈകാര്യം ചെയ്യുന്നതിൽ മൂന്നാം കക്ഷി ഏജൻസികൾ പങ്കാളികളാണോ; ആണെങ്കിൽ ഐ.റ്റി (റീസണബിൾ സെക്യൂരിറ്റി പ്രാക്ടീസസ്) റൂൾസ് 2011 പ്രകാരം അവർ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; ഡാറ്റാ സുരക്ഷയും രഹസ്യവുമെന്നുറപ്പാക്കുന്നതിനുതകുന്ന ചട്ടങ്ങൾ ബന്ധപ്പെട്ട കമ്പനിയുമായി ഏർപ്പെട്ട കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ജി) മെഡിസെപ് പദ്ധതിയിലൂടെ ശേഖരിച്ച വ്യക്തിഗത ഡാറ്റകളുടെ ചോർച്ചകൾ അല്ലെങ്കിൽ തെറ്റായ ഉപയോഗം തടയുന്നതിനും അതു സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനും ഐ.റ്റി ആക്ട് 2000-വുമായി ബന്ധപ്പെട്ട ചട്ടങ്ങൾക്കും കീഴിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഡാറ്റ കൈകാര്യം ചെയ്യുന്നവർക്ക് ഉത്തരവാദിത്തം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദമാക്കാമോ?

## മെഡിക്കൽ റീ- ഇംപേഴ്സ്മെൻറ് അപേക്ഷകൾ

457 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എത്ര മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അപേക്ഷകളാണ് തീർപ്പാക്കാൻ ധന വകുപ്പിന്റെ പക്കലുള്ളതെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ ഉൾപ്പെട്ട തുക എത്രയാണ്; അപേക്ഷകൾ തീർപ്പാക്കുന്നതിന് മുൻഗണനാക്രമം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

## ശമ്പള പരിഷ്കരണം

458 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-07-2024 മുതൽ പ്രാബല്യത്തിൽ വരേണ്ട സർക്കാർ ജീവനക്കാരുടെ പന്ത്രണ്ടാം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് നൽകേണ്ട കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മെഡിസെപ് പദ്ധതി

459 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ ആശുപത്രികളിൽ മെഡിസെപ് പദ്ധതി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രികളിൽ ഓരോന്നിലും നാളിതുവരെ എത്ര ക്ലെയിമുകൾ രജിസ്റ്റർ ചെയ്തു; പ്രസ്തുത ക്ലെയിമുകളിൽ നിന്നും എത്ര രൂപ ആശുപത്രികൾക്ക് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ക്ലെയിം ഇനത്തിൽ ലഭ്യമായ തുകയിൽ നിന്ന് ഓരോ ആശുപത്രിയും വിനിയോഗിച്ച തുക എത്ര; ഈ തുക ഓരോ ആശുപത്രിയും എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ലെയിം ഇനത്തിൽ ലഭ്യമായ തുകയിൽ ഓരോ ആശുപത്രിയിലും എത്ര രൂപ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

## മെഡിസെപ് ക്ലെയിമുകൾ

460 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ മെഡിസെപ് പ്രീമിയം ഇനത്തിൽ എത്ര രൂപ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ എത്ര രൂപയുടെ ക്ലെയിമുകൾക്കാണ് അംഗീകാരം നൽകിയത്;

(സി) പദ്ധതി പ്രകാരമുള്ള എത്ര രൂപയുടെ ക്ലെയിമുകൾ ഇനിയും നല്കാനുണ്ട്; വിശദമാക്കാമോ?

## പ്ലാൻ ഫണ്ട് വിനിയോഗം

461 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും പദ്ധതി അടങ്കൽ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര തുക ഒഴികെയുള്ള അടങ്കൽ എത്രയാണെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2011 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഫണ്ടിന്റെ ഭാഗമായി എത്ര തുക ചിലവഴിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

## പ്ലാൻ ഫണ്ടിലെ വെട്ടിക്കുറവ്

462 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക എത്രയെന്നും 15-01-2025 വരെ അതിൽ നിന്നും എത്ര തുക ചെലവാക്കിയെന്നും വിശദമാക്കുമോ;

(ബി) വകയിരുത്തിയ പദ്ധതി തുക വെട്ടിക്കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശവും കാരണങ്ങളും അറിയിക്കുമോ;

(സി) പദ്ധതി തുക വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കെ. ആർ. ഗൗരിയമ്മ സ്മാരകം നിർമ്മാണം

463 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബജറ്റിൽ പ്രഖ്യാപിച്ച കെ. ആർ. ഗൗരിയമ്മ സ്മാരക നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏത് ശീർഷകത്തിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## വാർഷിക പദ്ധതി വിഹിതം

464 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ഓരോ വകുപ്പുകൾക്കും വകയിരുത്തിയ പദ്ധതി വിഹിതം എത്ര കോടി രൂപയാണെന്നും ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വകുപ്പ് അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) 2024-25 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികളുടെ അനിവാര്യത പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; അപ്രകാരം പദ്ധതി വിഹിതത്തിൽ എത്ര കോടി രൂപയുടെ കുറവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

465 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ലെ ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം, മാറംപള്ളി, കുമാരപുരം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ , സൗത്ത് വാഴക്കുളം സർക്കാർ ലോവർ പ്രൈമറി സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട ഫയലുകൾ നിലവിൽ ഏതെല്ലാം സെക്ഷനുകളിലാണെന്നും പ്രസ്തുത സെക്ഷനുകളിലെ ഫയൽ നമ്പറുകളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മെയിന്റനൻസ് ഗ്രാന്റ് തുക

466 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച ആകെ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക വർദ്ധിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ വിഷയം ധനകാര്യ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയിൽ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇത് സംബന്ധിച്ച എസ്.എഫ്.സി-എ 3/141/2022-ധനകാര്യം നമ്പർ ഫയലിലെ നടപടിക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2024-25 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ വകയിരുത്തിയ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഗ്രാന്റ് ഇനത്തിൽ 2023-24 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയും പ്രസ്തുത തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകളും വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

467 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ടി പദ്ധതികളിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ടി പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ

468 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച ഏതൊക്കെ വകുപ്പുകളിലെ എന്തൊക്കെ പ്രവൃത്തികളാണ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി നൽകാനുള്ളതെന്നും ആയതിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെന്നും വിശദമാക്കാമോ?

## വൈപ്പിൽ മണ്ഡലത്തിലെ പദ്ധതികൾ

469 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഇരുപത് ശതമാനം തുക വകയിരുത്തിയതുമായ വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയാണെന്ന് 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ഭരണ വകുപ്പുകൾ സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് അവലോകനം നടത്താറുണ്ടോ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കാത്ത സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## മണലൂർ മണ്ഡലത്തിൽ അനുവദിച്ച തുക

470 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ ഒഴികെ മണലൂർ മണ്ഡലത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഓരോന്നിനും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കടമ്പഴിപ്പുറം - മണ്ണമ്പറ്റ റോഡ് നവീകരണം

471 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുള്ള കടമ്പഴിപ്പുറം - മണ്ണമ്പറ്റ റോഡ് നവീകരണ പ്രവൃത്തിക്ക് (ഫയൽ നമ്പർ ഡി3/174/2024/ഫിൻ, കമ്പ്യൂട്ടർ നമ്പർ.2889690/എൽ.എസ്.ജി.ഡി) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രസ്തുത ഫയൽ ഭരണാനുമതിക്കായി എന്നാണ് ധനകാര്യ വകുപ്പിൽ എത്തിയത്;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുതി ലഭിക്കുമെന്ന് വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ

472 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഇതേ കാലയളവിൽ 100 രൂപ ടോക്കൺ തുക വകയിരുത്തിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

473 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയുടെയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വിമുക്തി പദ്ധതിക്കുള്ള തുക

474 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) 2016 മുതൽ ഓരോ വർഷവും വിമുക്തി പദ്ധതിക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

## മത്സ്യമേഖല വികസനത്തിന് ചെലവഴിച്ച തുക

475 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കും മാനവ വികസനത്തിനുമായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

## എൻഡോസൾഫാൻ ദുരിതബാധിതർക്കായി അനുവദിച്ച തുക

476 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത് എന്നറിയിക്കുമോ;

(ബി) ഇതിൽ എന്തു തുക അനുവദിച്ചു എന്ന് വിശദമാക്കുമോ?

## പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിലെ അലംഭാവം

477 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിലെ അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് യഥാസമയം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നേടുന്നതിൽ വകുപ്പുകൾ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിന് ധനകാര്യ വകുപ്പിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; യഥാസമയം പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിയ്ക്കാത്ത വകുപ്പുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുമോ?

## കാസർഗോഡ് ജില്ലയിലെ പദ്ധതികൾ

478 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതി ചെലവ് എത്രയാണെന്ന് വിശദമാക്കുമോ?

## ചേരാനെല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

479 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബജറ്റിൽ 20 ശതമാനം വിഹിതം അനുവദിച്ചിരുന്ന എറണാകുളം മണ്ഡലത്തിലെ ചേരാനെല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിക്ക് ധന വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ പദ്ധതികൾ

480 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ചിരുന്ന കോട്ടക്കൽ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയത് ലഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണവും വിശദമാക്കുമോ;

(സി) നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സാമൂഹ്യ സുരക്ഷ പെൻഷൻ

481 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റിയിരുന്ന സർക്കാർ ജീവനക്കാരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ

482 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാരിന്റെ കാലത്ത് 78 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി</u>

483 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ വിതരണത്തിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി നാളിതുവരെ എടുത്ത വായ്പയുടെ കണക്ക് ലഭ്യമാക്കാമോ; ഇതിൽ എത്ര രൂപ അടച്ചു തീർത്തെന്ന് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത കമ്പനിക്ക് സർക്കാർ എത്ര തുക നൽകിയെന്നും ഇനി എത്ര നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എത്ര ശതമാനം പലിശയ്ക്കാണ് പ്രസ്തുത കമ്പനി വായ്പകൾ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

## <u>സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ ബാധ്യത</u>

484 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് വായ്പ നൽകിയ കെ.എസ്.എഫ്.ഇ.,കെ.എസ്.ബി.സി, പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി തുടങ്ങിയ ഓരോ സ്ഥാപനത്തിനും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നൽകാനുള്ള തുക എത്രയാണ്; വിശദാംശം നൽകുമോ;

(ബി) മേൽ സ്ഥാപനങ്ങളിൽ നിന്നും വായ്പ സമാഹരിക്കുന്നതിന് നൽകിയിട്ടുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>ക്ഷേമ പെൻഷൻ</u>

485 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ ജനവിഭാഗങ്ങൾക്കായി ഏതൊക്കെ തരത്തിലുള്ള ക്ഷേമ പെൻഷനുകളാണ് നിലവിലുള്ളത്; ഓരോ പെൻഷന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷനുകളിൽ കേന്ദ്ര വിഹിതം എത്രയാണെന്ന് വിശദമാക്കാമോ;

(സി) എത്ര ലക്ഷം പേർക്കാണ് നിലവിൽ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത്; ക്ഷേമ പെൻഷൻ ലഭിക്കുന്നതിനായി 2021-ന് ശേഷം എത്ര അപേക്ഷകളാണ്

ലഭിച്ചിട്ടുള്ളതെന്നും ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## <u>അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

486 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിയ സർക്കാർ ജീവനക്കാരിൽ നിന്നും പതിനെട്ട് ശതമാനം പിഴപ്പലിശ സഹിതം തുക തിരിച്ചുപിടിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതിൻ പ്രകാരം ആകെ എത്ര രൂപ തിരികെ ലഭിച്ചുവെന്ന് അറിയിക്കാമോ; കൈപ്പറ്റിയ പെൻഷൻ, പലിശ സഹിതം തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ച വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

## <u>പതിനാറാം ധനകാര്യ കമ്മീഷൻ</u>

487 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി ജോയി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ധനകാര്യ കമ്മീഷൻ കാലയളവിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിലെത്തി നിൽക്കുമ്പോൾ കേന്ദ്ര നികുതിയിൽ സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവ് എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ധനകാര്യ കമ്മീഷനുകളിൽനിന്നും അർഹിക്കുന്ന പരിഗണന ലഭിക്കാത്ത പശ്ചാലത്തിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമഗ്രമായി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തിനുള്ള വിഹിതത്തിൽ കുറവ് വരുത്തുന്നതിന് ഇടയാക്കിയിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇവ തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>നികുതി കുടിശിക</u>

488 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തിക വർഷാരംഭത്തിൽ വിവിധ നികുതി ഇനങ്ങളിൽ പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്ന തുക എത്രയാണ്; ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ഈ വർഷം അധിക നികുതി, ഫീസ്, മറ്റിനങ്ങളിലായി അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം നാളിതുവരെ പിരിച്ചെടുത്ത വിവിധ ഇനങ്ങളിലെ കുടിശ്ശിക എത്ര; ഇനി പിരിച്ചെടുക്കാൻ ബാക്കിയുള്ളത് എത്ര; അധിക വിഭവ

സമാഹരണമായി ലക്ഷ്യമിട്ടതിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**പെട്രോൾ, ഡീസൽ നികുതിയിലെ അധിക വരുമാനം**

489 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ നികുതി ഇനത്തിൽ 2016 മേയ് മുതൽ ലഭിച്ച അധിക വരുമാനം എത്ര; വിശദമാക്കാമോ;

(ബി) അടിക്കടിയുള്ള പെട്രോൾ, ഡീസൽ ഉല്പന്നങ്ങളുടെ വില വർദ്ധനവിലൂടെ ജനങ്ങൾക്ക് പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രയാസങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിന് ലഭിക്കുന്ന അധിക നികുതി വരുമാനം ഒഴിവാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

**നികുതി വരുമാനം**

490 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിനോദസഞ്ചാരമേഖലയിൽ നിന്നും ലോട്ടറി വിൽപ്പനയിൽ നിന്നും മദ്യ വിൽപ്പനയിൽ നിന്നും ലഭിച്ച നികുതി, നികുതിയേതര വരുമാനം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2016 മുതൽ നാളിതുവരെ മദ്യത്തിൽ നിന്നുമുള്ള വരുമാനവും ലോട്ടറി വിറ്റുവരവും ലോട്ടറി അസ്സൽ വരുമാനവും എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) 2016 മുതൽ മുതൽ നാളിതുവരെ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ;

(ഡി) ലോട്ടറിയിൽ നിന്നും മദ്യത്തിൽ നിന്നുമുള്ള വരുമാനം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

**നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി**

491 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമായ പരിശോധനകൾ ഇല്ലാത്തതിനാൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാനാതിർത്തികളിൽ ഏർപ്പെടുത്തിയിരിക്കുന്ന പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ഇ-വേ ബിൽ ഏതെല്ലാം മേഖലകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; ആയതിന്റെ പുരോഗതി വിശദമാക്കുമോ;

(ഡി) ചെക്ക് പോസ്റ്റുകളിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പരിശോധന നടത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

## സാമ്പത്തിക വികസനത്തിനുള്ള ഇടപെടലുകൾ

492 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തോട് രാഷ്ട്രീയമായി പക പോക്കുന്നതിനും സാമ്പത്തിക ദുരിതം മൂർച്ഛിപ്പിച്ച് ഉദാരവത്ക്കരണ നയത്തിലേയ്ക്ക് സംസ്ഥാനത്തെ തള്ളി വിടുന്നതിനുമായി കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ളതായി പറയപ്പെടുന്ന ഉപരോധത്തിലും ജനങ്ങളുടെ വാങ്ങൽ ശേഷി വളർത്തുന്നതിനും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാമ്പത്തിക വികസനത്തിനുള്ള ഉറപ്പായ മാർഗ്ഗമെന്ന നിലയിൽ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ധനദൃഢീകരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ വായ്പ - വരുമാന അനുപാതം സർക്കാർ ലക്ഷ്യമിട്ട നിലയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

493 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സിലൂടെ ലഭിച്ച വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്കും അതിന്റെ വിനിയോഗ വിശദാംശങ്ങളും അറിയിക്കാമോ;

(ബി) രണ്ട് രൂപയുടെ അധിക സെസ്സിലൂടെ ലഭിച്ച വരുമാനത്തിന്റെ നാളിതുവരെയുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ കഴിഞ്ഞ നാല് വർഷത്തെ പൊതുകടം, ആളോഹരി കടം, ധനക്കമ്മി, തനത് നികുതി വരുമാനം, കേന്ദ്ര ഗ്രാന്റ്/നികുതി ഇനത്തിലുള്ള വിഹിതം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ജി.എസ്.ടി. വകുപ്പ് പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) റിസ്സർവ് ബാങ്കിൽ നിന്നും വെയ്സ് ആന്റ് മീൻസ് അഡ്വാൻസായി കഴിഞ്ഞ നാല് വർഷം എടുത്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്തിന്റെ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് പരിധി റിസർവ്വ് ബാങ്ക് ഉയർത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

494 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയക്ക് വിധേയമായ വകുപ്പുകൾ/മേഖലകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) അവയിൽ പൂർത്തിയായ പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കെ.എസ്.ആർ.ടി.സി.-ക്കുള്ള സർക്കാർ സഹായം

495 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് സർക്കാർ കഴിഞ്ഞ വർഷം ലഭ്യമാക്കിയ സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കോർപ്പറേഷനിലെ പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനായി സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

## ധനകാര്യ പരിശോധന വിഭാഗം

496 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ ധനകാര്യ പരിശോധന വിഭാഗത്തിന് ചുമതല നൽകിക്കൊണ്ട് 2016 മേയ് മുതൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയ്ക്കായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(സി) 08/04/2022 തീയതിയിലെ സ.ഉ.(കൈ)നം.52/2022/പൊ.വി.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സെക്രട്ടേറിയേറ്റ് ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള വ്യവസ്ഥകൾ ലംഘിച്ച് ധനകാര്യ പരിശോധനാ വിഭാഗം ജില്ലാ സ്ക്വാഡുകളിൽ 5 വർഷത്തിലേറെയായി ചില ജീവനക്കാർ ഒരേ ഓഫീസിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അഴിമതിക്ക് വഴിതെളിക്കുമെന്നതിനാലും ചട്ടവിരുദ്ധമായതിനാലും മേൽ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സ്പാർക്ക് സോഫ്റ്റ്വെയറിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സ്പാർക്ക് പി.എം.യു. വകുപ്പും ധനകാര്യ പരിശോധനാ വിഭാഗവും തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഉൾപ്പെടെ 2016 മുതൽ നടത്തിയിട്ടുള്ള പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

## താൽകാലിക/കരാർ ജീവനക്കാർ

497 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലും വകുപ്പുകളിലുമായി 25.05.2016 മുതൽ താൽകാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ സേവനത്തിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ നിലവിൽ തുടർച്ചയായോ അല്ലാതെയോ അഞ്ച് വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ട്; ജില്ല, വകുപ്പ് എന്നിവ തിരിച്ച് വിശദാംശം അറിയിക്കുമോ?

## റോഡ് ടൈൽ വിരിക്കാൻ അനുമതി

498 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽ ടൈൽ വിരിക്കാൻ ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതിനാൽ പല റോഡുകളുടെ പ്രവൃത്തിയും തുടങ്ങുന്നതിന് വളരെയധികം കാലതാമസം നേരിടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ഓരോ റോഡിനും പ്രത്യേകം പ്രത്യേകം അനുമതി നൽകുന്നതിന് പകരം ഒരു സാമ്പത്തിക വർഷം ടൈൽ വിരിക്കുന്നതിനുള്ള മൊത്തം റോഡുകളുടെയും എണ്ണം എടുത്ത് ഒരുമിച്ച് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

## എറണാകുളം എം.ജി. റോഡിലെ കാന നിർമ്മാണം

499 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം എറണാകുളം എം.ജി. റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി 2024-25 സാമ്പത്തിക വർഷത്തെ മരാമത്ത് പണികളുമായി ബന്ധപ്പെട്ട ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കാന നിർമിക്കുന്ന പ്രവൃത്തിയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അനുമതി വൈകുന്നതിന് കാരണമെന്തെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

## അഭിഭാഷക ക്ഷേമനിധി തുക ഉയർത്തൽ

500 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷക ക്ഷേമനിധി തുക 10 ലക്ഷത്തിൽ നിന്നും 20 ലക്ഷം രൂപയാക്കി ഉയർത്തണം എന്ന കേരള ബാർ കൗൺസിലിന്റെ നിർദ്ദേശം ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## അക്രഡിറ്റഡ് ഏജൻസികളുടെ വിലയിരുത്തൽ

501 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ പ്രവർത്തികളുടെ നിർവ്വഹണത്തിനായി അംഗീകാരം ലഭിച്ചിട്ടുള്ള പി.എം.സി(പ്രോജെക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ), നോൺ പി.എം.സി. വിഭാഗത്തിൽപ്പെടുന്ന അക്രഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങളും ഈ ഏജൻസികൾക്ക് നിർവ്വഹിക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവർത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഈ അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനവും അവർ നിർവ്വഹിക്കുന്ന വർക്കുകളുടെ ഗുണപരതയും വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും വ്യവസ്ഥാ ക്രമീകരണങ്ങളും സർക്കാർ മാർഗ്ഗനിർദേശങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കോവിഡ് ക്രമക്കേടിലെ അന്വേഷണ റിപ്പോർട്ട്

502 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് നവീകരണം

503 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുള്ള പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് നവീകരണ പ്രവൃത്തിയ്ക്ക് (ഫയൽ നമ്പർ ഡി3/153/2024/ധന - കമ്പ്യൂട്ടർ നമ്പർ 2897827/തസ്വഭവ) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രസ്തുത ഫയൽ ഭരണാനുമതിയ്ക്കായി എന്നാണ് ധനകാര്യ വകുപ്പിൽ എത്തിയത്;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് ഭരണാനുമതി ലഭിയ്ക്കുമെന്ന് വിശദമാക്കാമോ?

## ചാലഞ്ച് ഫണ്ട് പദ്ധതി

504 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള ചാലഞ്ച് ഫണ്ട് പദ്ധതിയിൽ ഹൈസ്കൂൾ വിഭാഗം വരെയുള്ള സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്ന തോതിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഫയലിന്മേൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

505 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ഇനത്തിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നീ പദ്ധതികൾ പ്രകാരം പ്രവൃത്തികൾ നിർവ്വഹിച്ച ഇനത്തിൽ എത്ര രൂപയുടെ കുടിശ്ശികയാണ് കരാറുകാർക്ക് നൽകാനുള്ളത്;

(സി) ഏത് തീയതി വരെയുള്ള കുടിശ്ശിക ബില്ലുകളാണ് ഈ ഇനത്തിൽ അവസാനം തീർപ്പാക്കിയിട്ടുള്ളത്/പാസ്സാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം

506 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണിവിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യവകുപ്പ് പരിശോധനാവിഭാഗം നടത്തിയ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണം അനന്തമായി നീളുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിക്കുറച്ച നടപടി

507 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി കാരണം ന്യൂനപക്ഷ സ്കോളർഷിപ്പ് തുക വെട്ടിച്ചുരുക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ ന്യൂനപക്ഷ സ്കോളർഷിപ്പ് എത്ര ശതമാനം തുക വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ചേരാനല്ലൂർ - ഏലൂർ ചൗക്ക പാലം നിർമ്മാണം

508 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജക മണ്ഡലത്തെയും കളമശ്ശേരി നിയോജക മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചേരാനല്ലൂർ - ഏലൂർ ചൗക്ക പാലം നിർമ്മാണ പ്രവൃത്തിക്ക് ധനവകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കരാറുകാരുടെ ബിൽ കുടിശിക

509 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാറുകാർക്ക് നൽകാനുള്ള ബിൽ തുകയിൽ കുടിശികയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കുടിശിക എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്രകാലമായിട്ടാണ് ഈ കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒരു കോടി രൂപയിലധികം കുടിശികയായിട്ടുള്ള കരാറുകാർ എത്രയുണ്ടെന്ന് ജില്ല തിരിച്ച വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കരാറുകാർക്കാണ് കുടിശ്ശികയുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## കോവിഡ് ക്രമക്കേടിൽ അന്വേഷണം

510 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ധനവകുപ്പിന് നൽകിയ ആരോഗ്യം-B3/312/2021-ആരോഗ്യം എന്ന കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ക്ഷേമപെൻഷൻ

511 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ക്ലേശത്തിനിടയിലും ക്ഷേമപെൻഷൻ അനുവദിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് എല്ലാ വർഷവും ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; ക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കുന്നതിന് നിലവിലെ മസ്റ്ററിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുമോ; വിശദമാക്കുമോ;

(സി) അനധികൃതമായി ക്ഷേമപെൻഷൻ കൈപ്പറ്റിയവരിൽനിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

## കുന്നത്ത്നാട് മുടിക്കൽ ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

512 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക അനുവദിച്ച കുന്നത്ത്നാട് മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മുടിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനുള്ള മൂന്ന് കോടി രൂപയുടെ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്തുകൊണ്ടാണ് ഭരണാനുമതി വൈകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബജറ്റ് പ്രവർത്തിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലുള്ള ഫയൽ നമ്പറും ഫയലിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയ്ക്ക് വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തങ്കളം - കാക്കനാട് നാലുവരിപ്പാത നിർമ്മാണം

513 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സാങ്കേതിക തടസ്സങ്ങൾ നീക്കി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മാത്ര-പാലാഴി-കുടിക്കാട്ടൂർ റോഡ് നവീകരണം

514 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതും നാഷണൽ ഹൈവേ 66 ക്രോസ് ചെയ്ത് കടന്നുപോകുന്നതുമായ മാത്ര - പാലാഴി - കുടിക്കാട്ടൂർ റോഡിന്റെ മുഴുവൻ ഭാഗത്തിന്റെയും വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കിഫ്ബി ധനകാര്യ അനുമതി നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം**

515 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണത്തിനായി എത്ര രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

**പാലക്കോട്-എട്ടിക്കുളം ഹൈസ്കൂൾ റോഡ് പ്രവൃത്തി**

516 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് - എട്ടിക്കുളം ഹൈസ്കൂൾ റോഡ് പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണം**

517 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിൽ നിന്നും കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് സ്ഥലം അനുവദിച്ച സാഹചര്യത്തിൽ എസ്.പി.വി. ആയ തീരദേശ വികസന കോർപ്പറേഷൻ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

518 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് അനുവദിച്ച മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് സമർപ്പിച്ച ഡി.പി.ആർ. പ്രകാരം പ്രവൃത്തി എന്നാണ് ആരംഭിക്കാൻ സാധിക്കുക എന്നും ഫൗണ്ടേഷൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

**പരവൂർ തെക്കുംഭാഗം ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം**

519 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബജറ്റിൽ കിഫ്ബി വഴി തുക അനുവദിച്ച ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖയ്ക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അനുമതി നല്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

520 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച വിവിധ വികസന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയുടെയും പേര്, വകുപ്പ്, നിലവിലെ അവസ്ഥ ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

521 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

**വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

522 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴയിലും കടമക്കുടിയിലുമുള്ള ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികളിലെ തടസ്സങ്ങൾ നീക്കുന്നതിന് കിഫ്ബി മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

523 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഏതൊക്കെ കിഫ്ബി പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

524 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രവൃത്തികളുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

**<u>കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡ് പ്രവൃത്തി</u>**

525 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള അനുമതി കിഫ്ബി നൽകേണ്ടതുണ്ടോ; വിശദാംശം അറിയിക്കാമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

526 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക, അവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ?

**<u>വർക്കല മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം</u>**

527 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

**<u>മലമ്പുഴ കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടം</u>**

528 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>പുതുപ്പരിയാരം സി.ബി.കെ.എം. ജി.എച്ച്.എസ്.എസ്. കെട്ടിട നിർമാണം</u>**

529 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം. ജി.എച്ച്.എസ്.എസ്. കെട്ടിട നിർമാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കോതമംഗലം പ്ലാമുടി-ഇരുമലപ്പടി റോഡ് നവീകരണം</u>**

530 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി നടപ്പാക്കുന്ന പ്ലാമുടി-ഇരുമലപ്പടി റോഡ് (പ്ലാമുടി-ഊരംകുഴി റോഡ്) നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) സാങ്കേതിക നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ബക്കാഡി കമ്പനിയുടെ മദ്യത്തിന് നികുതി കുറച്ച് നൽകണമെന്ന അപേക്ഷ</u>**

531 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്യുവാൻ അനുമതി തേടി ബക്കാഡി കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ വീര്യം കുറഞ്ഞ മദ്യത്തിനുള്ള നികുതി കുറച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യത്തിന്മേൽ നികുതി വകുപ്പ് കമ്മീഷണറും നികുതി സെക്രട്ടറിയും സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഈ കാര്യത്തിൽ കൈക്കൊണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ചുള്ള നികുതി വെട്ടിപ്പ്

532 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതിവെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം തട്ടിപ്പിലൂടെയുണ്ടാകുന്ന വരുമാനച്ചോർച്ച കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## ഫ്ലഡ് സെസ്

533 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലഡ് സെസ് ഇനത്തിൽ എത്ര രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫ്ലഡ് സെസ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന കാലയളവിൽ സംസ്ഥാനത്തെ ബി2ബി ടാക്സബിൾ ടേണോവർ എത്ര രൂപയായിരുന്നുവെന്ന വിവരം നൽകാമോ; പ്രസ്തുത കാലയളവിലെ റിട്ടേണുകൾ പരിശോധിച്ചപ്പോൾ ഫ്ലഡ് സെസ് വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് എത്ര തുക കണ്ടെത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഫ്ലഡ് സെസ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന കാലയളവിലെ ഓരോ വർഷത്തെയും സ്വർണ്ണം, ഡയമണ്ട് എന്നിവയുടെ ടേണോവർ പ്രത്യേകം തരം തിരിച്ച് നൽകാമോ;

(ഡി) സെൻട്രൽ ജി.എസ്.ടി. വകുപ്പ് നടത്തിയ പരിശോധനകളിൽ ഫ്ലഡ് സെസ്സിന് ആനുപാതികമായ ബി2ബി ടേണോവറിൽ ടി സെസ് ഈടാക്കി എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഇ) കേന്ദ്ര ജി.എസ്.ടി. വകുപ്പിന്റെ പക്കൽ നിന്നും ഈ കാലയളവിലെ നികുതി നിർണ്ണയ ഫയലുകൾ വാങ്ങി പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## ഇ-കോമേഴ്സ്/ഓൺലൈൻ വ്യാപാരത്തിലൂടെ ഉണ്ടാകുന്ന ജി.എസ്.ടി. നഷ്ടം

534 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കോമേഴ്സ്/ഓൺലൈൻ വ്യാപാരത്തിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന ജി.എസ്.ടി. നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ വ്യാപാരത്തിലൂടെ പിരിച്ചെടുക്കുന്ന ടാക്സ് സംസ്ഥാന സർക്കാരിലേക്ക് ലഭിക്കുന്നത് സംബന്ധിച്ച മോണിറ്ററിങ്ങ് നടപ്പാക്കുന്നതെങ്ങനെയാണെന്ന് വിശദമാക്കുമോ;

(സി) ഓൺലൈൻ വ്യാപാരമേഖല വ്യാപിച്ചതോടെ സംസ്ഥാനത്തെ ഇടത്തര-ചെറുകിട കച്ചവടക്കാരുടെ വ്യാപാരനിരക്കിലും വരുമാനത്തിലും ഉണ്ടായ കുറവ് കണക്കാക്കിയിട്ടുണ്ടോ; അത്തരം വ്യാപാരികളുടെ നിലനില്പ് പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

## <u>വാറ്റ് കുടിശിക</u>

535 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വരുന്നതിന് മുൻപുണ്ടായിരുന്ന വാറ്റ് കുടിശ്ശിക എത്രയാണെന്നും അവ പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തുടങ്ങിയ ആംനസ്റ്റി പദ്ധതി നിലവിലുണ്ടോയെന്നും അറിയിക്കുമോ;

(ബി) വാറ്റ് കുടിശികയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കോടതികളിൽ നിലവിലുള്ളത്; വ്യക്തമാക്കുമോ;

(സി) വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; പ്രസ്തുത പദ്ധതി മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## <u>എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ജി.എസ്.ടി.</u>

536 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ക്രയവിക്രയത്തിൽ നിന്നും സംസ്ഥാനസർക്കാരിന് 2024-25 സാമ്പത്തികവർഷത്തിൽ നാളിതുവരെ എത്ര രൂപ ജി.എസ്.ടി. ഇനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>ഐ.ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

537 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഐ.ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ സെറ്റിൽമെന്റ് ഉറപ്പാക്കുന്നതിനും സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായി 55-ാം ജി.എസ്.ടി. കൗൺസിലിൽ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചെറുകിട മേഖലയെ സഹായിക്കുന്നതിനും കമ്പോളത്തിന്റെ കുത്തകവൽക്കരണം തടയുന്നതും ലക്ഷ്യമിട്ട് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിന്റെ മുമ്പാകെ അവതരിപ്പിച്ച ഏതെല്ലാം വിഷയങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) വ്യാപാര-വാണിജ്യ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നവർ വാടകയിന്മേൽ ജി.എസ്.ടി. അടയ്ക്കണമെന്ന നിർദ്ദേശം നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ?

## എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ജി.എസ്.ടി.

538 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ജി.എസ്.ടി. എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ജി.എസ്.ടി. കൗൺസിൽ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ ജി.എസ്.ടി. എടുത്തുകളഞ്ഞ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ജി.എസ്.ടി. വകുപ്പിലെ കരാർ നിയമനം

539 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചു; ഇവരുടെ നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരിൽ റിട്ടയർ ചെയ്ത ജീവനക്കാർ ഉൾപെട്ടിട്ടുണ്ടോ; എങ്കിൽ പേര് വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്കെതിരെ സർവ്വീസ് കാലയളവിൽ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിരമിച്ച ശേഷം പുനർനിയമനം നൽകിയ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## മദ്യത്തിന്റെ വില വർദ്ധനവ്

540 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-01-2025 ന് മദ്യത്തിന്റെ വില വർദ്ധനവ് വരുത്തുന്നതുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനം സംബന്ധിച്ച നികുതി വകുപ്പിലെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നീ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം

541 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

## ചിറ്റാർ സബ് ട്രഷറി

542 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ചിറ്റാർ സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പള്ളിക്കത്തോട് സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം

543 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പള്ളിക്കത്തോട് സബ്ട്രഷറിയ്ക്ക് സ്വന്തമായി സ്ഥലം കൈമാറി ലഭിച്ച സാഹചര്യത്തിൽ, പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് നിർമ്മാണം ആരംഭിയ്ക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ?

## കേരള പെൻഷൻ മൊബൈൽ ആപ്പ്

544 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയുടെ കേരള പെൻഷൻ മൊബൈൽ ആപ്പിലുള്ള പെൻഷൻ ഐ.ഡി. കാർഡിൽ പെൻഷനറുടെ ഫോട്ടോ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫോട്ടോ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പെൻഷൻ കാർഡ് ഗവൺമെന്റ് സർവ്വീസ് പെൻഷനേഴ്സ് ഐ.ഡി. കാർഡായി ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ എന്ന് അറിയിക്കുമോ;

(സി) പെൻഷൻ വാങ്ങുന്നവർക്ക് കേരളത്തിലെ ഏത് ട്രഷറിയിലും മസ്റ്ററിംഗ് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ; ഇല്ലായെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ളവരുടെ മസ്റ്ററിംഗിനു സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഇ) കേരള പെൻഷൻ മൊബൈൽ ആപ്പ് പ്രകാരം പെൻഷനറുടെ ക്രെഡിറ്റിലുള്ള നീക്കിയിരിപ്പ് തുക എത്രയാണെന്നു അറിയുന്നതിനുള്ള സൗകര്യം കൂടി ഏർപ്പെടുത്തുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിര നിക്ഷേപങ്ങൾ

545 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിര നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ ട്രഷറി നിക്ഷേപത്തിനായി ഇതിനകം മുന്നോട്ടു വന്നിട്ടുള്ളത് എന്ന വിശദാംശം ലഭ്യമാക്കാമോ?

**<u>ലോട്ടറി ടിക്കറ്റ് വിൽപ്പനയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച ലാഭം</u>**

546 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 കാലയളവിൽ ലോട്ടറി വകുപ്പ് വിറ്റ ലോട്ടറി ടിക്കറ്റുകൾ ഏതൊക്കെയാണെന്നും ഇവയുടെ ഓരോ ടിക്കറ്റിന്റെയും പേരും വിലയും എത്രയാണെന്നും വിശദമാക്കാമോ;

(ബി) ലോട്ടറി ടിക്കറ്റ് വിൽക്കുമ്പോൾ ഓരോ ടിക്കറ്റിനും എത്ര ശതമാനമാണ് കമ്മീഷനായി ഏജന്റുമാർക്കും മറ്റ് കച്ചവടക്കാർക്കും ലഭിക്കുന്നതെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ ടിക്കറ്റുകൾക്കും ഒരുപോലെയാണോ കമ്മീഷൻ നൽകിവരുന്നതെന്ന് അറിയിക്കാമോ;

(സി) 2023-24 കാലയളവിൽ വിറ്റ ടിക്കറ്റിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച ലാഭം എത്രയാണെന്ന് വിശദമാക്കാമോ; ഇത്തരത്തിൽ കഴിഞ്ഞ അഞ്ച് വർഷവും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഈ വകുപ്പിന്റെ സംഭാവന എത്രവീതം ആയിരുന്നു എന്ന് വിശദമാക്കാമോ?

**<u>കെ.എസ്.എഫ്.ഇ. യിലെ വായ്പ / ചിട്ടി കുടിശ്ശിക</u>**

547 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ നിന്നെടുത്ത വായ്പകളുടെയും പിടിച്ച ചിട്ടികളുടെയും തിരിച്ചടവിനത്തിലെ കുടിശ്ശിക എല്ലാവർഷവും ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥാപനത്തിന്റെ ദീർഘകാല ഭാവിയെ അത് ദോഷകരമായി ബാധിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ;

(ബി) കുടിശ്ശിക അക്കൗണ്ടുകളെ റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന അക്കൗണ്ടുകൾ ഇനിയും റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റാതെ ബ്രാഞ്ചുകളിൽ തന്നെ നിലനിർത്തിയിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) 2017-18 മുതൽ 2022- 23 വരെയുള്ള ഓരോ സാമ്പത്തിക വർഷവും റവന്യൂ റിക്കവറിയിലേക്ക് മാറ്റിയിട്ടുള്ള അക്കൗണ്ടുകളുടെ ആകെ തുക എത്ര; ഈ അക്കൗണ്ടുകളിൽ ഓരോ സാമ്പത്തിക വർഷവും അടവ് ഇനത്തിൽ ലഭ്യമായിട്ടുള്ള ആകെ തുകയെത്ര; വിശദമാക്കാമോ;

(ഡി) നിലവിൽ സ്വീകരിക്കുന്ന കുടിശ്ശിക നിവാരണമാർഗ്ഗങ്ങൾ കൂടാതെ ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽ പോലുള്ള നിയമ സംവിധാനങ്ങളെ കൂടി

ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ വർഷവും കെ.എസ്.എഫ്.ഇ. യിലെ ചിട്ടി കുടിശ്ശിക, വിശിഷ്യാ പിടിക്കാത്ത ചിട്ടികളിലെ കുടിശ്ശിക വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രവാസി ചിട്ടിയുടെ മാതൃക അവലംബിച്ച്, നിലവിലെ ശാഖാതല ചിട്ടി ടാർഗറ്റിന്റെ അൻപത് ശതമാനം പുതുതായി നിയമിച്ചുവരുന്ന ബിസിനസ് പ്രമോട്ടർമാർക്ക് നിശ്ചിത ക്യാൻവാസിംഗ് ടാർഗറ്റ് നൽകി റീജിയണൽ ഓഫീസ് തലത്തിലോ ഹെഡ് ഓഫീസ് തലത്തിലോ പൂളിംഗ് സംവിധാനത്തിലൂടെ ചിട്ടി രജിസ്ട്രേഷൻ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## <u>കെ.എസ്.എഫ്.ഇ. ഇളവുകൾ സംബന്ധിച്ച്</u>

548 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ നിന്നും ലോണെടുത്ത ആളുകൾക്ക് ശാരീരിക അവശത മൂലം ലോൺ തുക തിരിച്ചടക്കാൻ പറ്റാതെ വരുമ്പോൾ നൽകുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## <u>മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി</u>

549 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ചികിത്സാ ചെലവിനത്തിൽ എത്ര കോടി രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്കാണ് നാളിതുവരെ ചികിത്സ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

## <u>മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ചികിത്സാ വിഭാഗം</u>

550 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് പദ്ധതിയിൽ ഏതൊക്കെ ചികിത്സകൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുമെന്നും സർക്കാർ ആശുപത്രികളിൽ ഏതൊക്കെ ചികിത്സാ വിഭാഗങ്ങളെയാണ് ഈ പദ്ധതിൽ ഉൾപെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ചില സ്വകാര്യ ആശുപത്രികൾ അവരുടെ പ്രധാനപ്പെട്ട ചികിത്സാവിഭാഗങ്ങളെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപെടുത്താത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയിൽ അംഗമായ വ്യക്തിക്ക് ഓരോ പ്രാവശ്യവും ചികിത്സയ്ക്ക് ചിലവായ തുക എത്രയെന്നും ബാക്കി തുക എത്രയാണെന്നും അറിയുന്നതിന് സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ?

## മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

551 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഏർപ്പെടുത്തിയ മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച ജീവനക്കാർക്കിടയിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെയും ഒ.പി. ചികിത്സ ഉൾപ്പെടെയുള്ള സേവനങ്ങളെയും ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനും സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പു മുഖേന നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച ജീവനക്കാരുമായും സർവീസ് സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തിയിട്ടുണ്ടോ; ഏതൊക്കെ സർവീസ് സംഘടനാ പ്രതിനിധികളാണ് മെഡിസെപ്പ് പദ്ധതി പരിഷ്കരിക്കണമെന്ന നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

## മെഡിസെപ്പ് പദ്ധതി

552 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കുമായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന മെഡിസെപ്പ് പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ഇൻഷുറൻസ് കമ്പനി നാളിതുവരെ ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് പ്രസ്തുത പദ്ധതി പരിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ കരാറിൽ ഏർപ്പെട്ടിരിക്കുന്ന ഇൻഷുറൻസ് കമ്പനിയുടെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കാമോ?

## മെഡിസെപ്പ് പദ്ധതി

553 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമായി നടപ്പാക്കിയ മെഡിസെപ്പിന്റെ നിലവിലുള്ള ഇൻഷ്വറൻസ് കമ്പനിയുടെ കരാർ തീരുന്ന മുറയ്ക്ക് ആയത് തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) മെഡിസെപ്പ് പദ്ധതി വിപുലീകരിക്കാനും കൂടുതൽ ആശുപത്രികൾ എംപാനൽ ചെയ്യാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മെഡിസെപ്പ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

554 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ നൽകിയതിന്റെ ബില്ലുകൾ കേരള ഹെൽത്ത് ഏജൻസി സമയബന്ധിതമായി സെറ്റിൽ ചെയ്യുന്നില്ലായെന്ന സ്വകാര്യ ആശുപത്രികളുടെ പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം 2021-22, 2022-23, 2023 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് അറിയിക്കുമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ്

555 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് രൂപീകരിച്ചത് ഏതു റെഗുലേഷന്റെ ഭാഗമായാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റെഗുലേഷന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

556 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2016 ജൂൺ 28-ൽ ചേർന്ന ബോർഡ് യോഗത്തിന്റെ മിനുട്സ് ലഭ്യമാക്കാമോ?

## ആർ.സി.എഫ്.എൽ. കമ്പനിയിൽ നിക്ഷേപിച്ച കടപ്പത്രം

557 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിച്ച കടപ്പത്രത്തിന്റെ (എൻ.സി.ഡി.) ഇൻഫർമേഷൻ മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിക്ഷേപം

558 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിക്കാൻ താല്പര്യം പ്രകടിപ്പിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

പ്രസ്തുത കമ്പനിക്ക് ഇ-മെയിൽ അയച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ആർ.സി.എഫ്.എൽ. എന്ന കമ്പനി അവർ ഇറക്കിയ കടപ്പത്രത്തിൽ നിക്ഷേപിക്കാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ താല്പര്യം ആരാഞ്ഞിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിക്ഷേപം സംബന്ധിച്ച് കെ.എഫ്.സി.ക്ക് ആർ.സി.എഫ്.എൽ. അയച്ചതും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തിരിച്ച് അയച്ചതുമായ ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗിന്റെ മിനുട്സ്

559 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 19.04.2018-ൽ നടന്ന അസറ്റ്-ലയബിലിറ്റി കമ്മിറ്റി (എ.എൽ.സി.ഒ.) മീറ്റിംഗിന്റെ മിനുട്സ് ലഭ്യമാക്കാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

560 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിയമ വ്യവസ്ഥ പ്രകാരം നിക്ഷേപം നടത്താനുള്ള അധികാരം ആർക്കൊക്കെയാണെന്നും പ്രസ്തുത വ്യക്തികളുടെ അധികാര പരിധിയിൽ വരുന്ന നിക്ഷേപത്തുക എത്രയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇത് പ്രതിപാദിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ട്

561 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2018-19-ലെയും 2019-20-ലെയും വാർഷിക റിപ്പോർട്ടുകളിൽ റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപം നടത്തിയത് വെളിപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2020-21-ലെ വാർഷിക റിപ്പോർട്ടിൽ പ്രസ്തുത സ്ഥാപനത്തിൽ നിക്ഷേപം നടത്തിയത് ഉൾപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) 2018-19, 2019-20 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളിൽ വെളിപ്പെടുത്താതിരുന്ന സ്ഥാപനത്തിന്റെ പേര് 2020-21-ലെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ ഉണ്ടായ കാരണം വിശദമാക്കാമോ?

## കെ.എഫ്.സി.യുടെ ഫോറിൻ എക്സ്ചെയ്ഞ്ച് ക്രയവിക്രയങ്ങൾ

562 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകൃതമായ എസ്.എഫ്.സി. നിയമ പ്രകാരം വിദേശ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചെയ്ഞ്ച് ക്രയ വിക്രയങ്ങൾ നടത്താനോ വിദേശ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാനോ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ സ്ഥാപനങ്ങളുമായുള്ള ഫോറിൻ എക്സ്ചെയ്ഞ്ച് ഇടപാടിൽ 2022-ൽ കെ.എഫ്.സി.ക്ക് കോടികളുടെ നഷ്ടം സംഭവിച്ചു എന്നത് വസ്തുതയാണോ;

(സി) 2020-21, 2021-22 കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഏതൊക്കെ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചെയ്ഞ്ച് ക്രയ വിക്രയങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## സ്വകാര്യ കമ്പനിയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിക്ഷേപം

563 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപറേഷൻസ് ആക്ടിലെ സെക്ഷൻ 34 പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നത് അതതു സമയത്തെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് (ആർ.സി.എഫ്.എൽ) എന്ന കമ്പനിയുടെ കടപ്പത്രങ്ങളിൽ (എൻ.സി.ഡി.) നിക്ഷേപിച്ചത് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) ആർ.സി.എഫ്.എൽ. എന്ന കമ്പനിയുടെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കാനുള്ള ബോർഡ് തീരുമാനം എപ്പോഴാണ് കൈകൊണ്ടതെന്നും പ്രസ്തുത കമ്പനിയിൽ എന്നാണ് കെ.എഫ്.സി. പണം നിക്ഷേപിച്ചത് എന്നും അറിയിക്കുമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്

564 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, നിയമങ്ങൾക്ക് വിപരീതമായി, റിലയൻസ്, എസ്.ബി.ഐ., എച്ച്.ഡി.എഫ്.സി.,

സുന്ദരം ഫിനാൻസ് എന്നീ സ്ഥാപനങ്ങളുടെ സെക്യൂരിറ്റീസിൽ നിക്ഷേപിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) ഈ തീരുമാനങ്ങൾ കൈക്കൊണ്ട മീറ്റിംഗുകളുടെ മിനുട്സ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കമ്പനികളുടെ സെക്യൂരിറ്റീസിൽ നിക്ഷേപിച്ച വകയിൽ എത്ര രൂപയുടെ നഷ്ടം കേരള ഫിനാൻഷ്യൽ കോർപ്പറേഷന് വന്നു എന്ന് വ്യക്തമാക്കാമോ?

**<u>കെ.എഫ്.സി. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുകയുടെ നിക്ഷേപം</u>**

565 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുകയുടെ രണ്ടു ശതമാനം മാത്രമേ സ്വകാര്യ കമ്പനികളുടെ സെക്യൂരിറ്റീസിൽ നിക്ഷേപിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(ബി) 2014 മുതൽ ഓരോ വർഷവും സ്വകാര്യ കമ്പനികളുടെ സെക്യൂരിറ്റീസിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുകയുടെ എത്ര ശതമാനം കെ.എഫ്.സി. നിക്ഷേപിച്ചു എന്ന് വ്യക്തമാക്കാമോ?

**<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തിയ നിക്ഷേപം</u>**

566 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിക്ഷേപിക്കുന്നതിന് മുൻപ് നടത്തിയ വിവിധ പരിശോധനകളെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(സി) 2018 ജനുവരി 18-ന് കെയർ എന്ന റേറ്റിംഗ് ഏജൻസി പുറത്തിറക്കിയ റിപ്പോർട്ടിൽ ആർ.സി.എഫ്.എൽ. നെ കുറിച്ച് ക്രെഡിറ്റ് വാച്ച് എന്ന് മുന്നറിയിപ്പ് നൽകിയിട്ടും പ്രസ്തുത സ്ഥാപനത്തിൽ നിക്ഷേപം നടത്തിയതിന്റെ കാരണം വിശദമാക്കാമോ?

**<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിക്ഷേപം</u>**

567 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ട്രസ്റ്റ്സ് ആക്ടും ഇത് സംബന്ധിച്ച റെഗുലേഷനും പാലിച്ചുകൊണ്ടായിരിക്കണം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിക്ഷേപം നടത്തേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് അനുസരിച്ച് എത്ര ശതമാനം തുക സെക്യൂരിറ്റീസിൽ നിക്ഷേപിക്കാം എന്ന് വ്യക്തമാക്കാമോ?

## ഇ-സ്റ്റാംപ്

568 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലൈസൻസ്ഡ് സ്റ്റാംപ് വെണ്ടർമാർ, സ്ഥിരം ലൈസൻസികൾ, താൽക്കാലിക വെണ്ടർമാർ എന്നിവർ എത്ര വീതമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) എന്ന് മുതലാണ് കേരളത്തിൽ സമ്പൂർണ്ണ ഇ-സ്റ്റാംപ് നടപ്പിലാക്കിയത്; ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) സംസ്ഥാനത്ത് ട്രഷറികളിലും സ്റ്റാംപ് ഡിപ്പോകളിലുമായി 2024 ഡിസംബർ 31 വരെ സ്റ്റോക്കുള്ള മുദ്രപത്രത്തിന്റെ ഡിനോമിനേഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ഇ-സ്റ്റാംപിംഗ് നടപ്പിലാക്കിയതു മൂലം മുദ്രപത്രം പ്രിൻറ് ചെയ്തു കൊടുക്കുന്നതിന് അധികമായി ചിലവാകുന്ന തുകയ്ക്ക് എത്ര ശതമാനം കമ്മീഷനാണ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാൻ അനുവാദം നൽകിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ഇ) അഞ്ഞൂറ് രൂപ വില വരുന്ന മുദ്ര പത്രങ്ങൾ വെണ്ടർമാർ പ്രിന്റിംഗ് ചാർജ് ഈടാക്കാതെ സൗജന്യമായി വിൽക്കണമെന്ന് പറഞ്ഞിരിക്കുന്നത് എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രിന്റിംഗ് ഇനത്തിൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എങ്ങിനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) ട്രഷറി വകുപ്പിന്റെ സെർവറിന്റെ വേഗതകുറവ് മൂലവും ഇ-സ്റ്റാംപിലൂടെ മുദ്രപത്രം ജനറേറ്റ് ചെയ്ത് എടുക്കുവാനുണ്ടാകുന്ന കാലതാമസം മൂലവും പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടും നഷ്ടങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ജി) പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് തമിഴ്നാട്ടിൽ ചെയ്തു വരുന്നതു പോലെ ഇ-സ്റ്റാംപിലൂടെയും മാന്വലായി മുദ്രപത്രത്തിൽ എഴുതിയും നൽകി വരുന്ന പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## മുദ്ര പത്ര ക്ഷാമവും ഇ – സ്റ്റാമ്പ് വെണ്ടർ ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും

569 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചെറിയ തുകയ്ക്കുള്ള മുദ്ര പത്രത്തിനു ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇ-സ്റ്റാമ്പ് വെണ്ടർ ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഇ-സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കുന്നതിനു എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

**കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

570 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കാനായി കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പേർക്ക് പ്രസ്തുത അതോറിറ്റി മുഖേന നിയമസഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) കോടതി കേസുകളിൽ സൗജന്യ നിയമസഹായം നൽകുന്നതിന്റെ നിലവിലെ മാനദണ്ഡം എന്താണെന്നും കാലോചിതമായി എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭാഗമായുള്ള സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് നടപടി**

571 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭാഗമായുള്ളതും നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്നതുമായ അഞ്ചേക്കറോളം സ്ഥലം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കേരളാ ആട്ടോമൊബൈൽസ്**

572 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കേരളാ ആട്ടോമൊബൈൽസിന് 2020 മുതൽ 2024 വരെ എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് 2020 മുതൽ 2024 വരെ തുക അനുവദിച്ചതെന്ന് വിശദമാക്കാമോ?

**കെൽ ഫാക്ടറി**

573 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെൽ ഫാക്ടറിയുടെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വ്യക്തമാക്കാമോ;

(ബി) കമ്പനി ലാഭത്തിൽ ആണെങ്കിൽ കൂടുതൽ ലാഭകരമായ സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും നഷ്ടത്തിലാണെങ്കിൽ നഷ്ടം നികത്താൻ എന്ത് നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കാമോ;

(സി) കെല്ലിൽ ഇപ്പോൾ ഉത്പാദിപ്പിക്കുന്ന സാമഗ്രികൾ എന്തൊക്കെയാണെന്നും അതിന്റെ വിപണി സാധ്യത എങ്ങനെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ കമ്പനിയിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നും അവർക്ക് ശമ്പളം നൽകാൻ ഒരു മാസം എത്ര തുക ആവശ്യമുണ്ടെന്നും ശമ്പളയിനത്തിൽ കുടിശ്ശിക ഉണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) കമ്പനിയിൽ നിന്നും പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകാൻ കുടിശിക ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കാമോ?

## <u>**പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് വിനിയോഗം**</u>

574 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ (സി.എസ്.ആർ) ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഫണ്ട് നൽകിയിട്ടുള്ളതെന്നും ഇതിൽ ഓരോ സ്ഥാപനവും പ്രതിവർഷം ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം ചെലവഴിച്ചെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## <u>**പുനരുദ്ധാരണ പ്രവർത്തികൾക്ക് അനുവദിച്ച തുക**</u>

575 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപ്പാം എന്ന സ്ഥാപനത്തിന് 2020 മുതൽ 2024 വരെ ഏതൊക്കെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ആണ് തുക അനുവദിച്ചതെന്നും ഓരോ വർഷവും പ്രസ്തുത പ്രവൃത്തികൾക്കു അനുവദിച്ച തുക എത്ര എന്നും വിശദമാക്കാമോ?

## <u>**മാവൂർ ഗ്വാളിയാർ റയൺസിന്റെ ഭൂമി തിരിച്ചുപിടിക്കാൻ നടപടി**</u>

576 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയാർ റയൺസിന്റെ ഭൂമി തിരിച്ചു പിടിക്കാൻ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് നിലവിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്

577 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ ?

## ട്രാക്കോ കേബിൾ ജീവനക്കാരുടെ പ്രതിസന്ധി

578 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോ കേബിൾ ജീവനക്കാർ നിലവിൽ നേരിടുന്ന പ്രതിസന്ധി സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ പ്രവർത്തന മൂലധനം ഇല്ലാത്തതാണ് പ്രസ്തുത കമ്പനിയുടെ പ്രതിസന്ധിക്ക്കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ കമ്പനിയെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ;

(ഡി) ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളവും മറ്റാനുകൂല്യങ്ങളും അടിയന്തിരമായി നല്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ നൽകുമോ?

## കേരള സ്റ്റാർട്ടപ്പ് മിഷൻ

579 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തിരം എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായിട്ടുണ്ടെന്നും ഇതുവഴി പുതിയതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തിരം പുതിയ സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്നത് വിശദമാക്കാമോ;

(സി) പുതിയതായി എന്തെങ്കിലും പദ്ധതികൾ ഈ മേഖലയിൽ വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

## സംരംഭകരിൽ ആവേശം സൃഷ്ടിക്കുന്ന നടപടികൾ

580 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംവിധാനങ്ങൾ നിക്ഷേപകരോട് മുഖംതിരിച്ച് നിൽക്കുന്ന എന്ന പരാതി കേരളത്തിന്റെ വലിയൊരു പ്രശ്നമായി കാലാകാലങ്ങളായി ഉയർത്തിക്കാണിക്കപ്പെട്ടിരുന്നുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സംരംഭകത്വം സാധ്യമാകുമെന്നതിലേക്ക് വ്യവസായികളുടെയും പൊതുസമൂഹത്തിന്റെയും കാഴ്ചപ്പാടിനെ മാറ്റിക്കൊണ്ടുവരാൻ ഈ സർക്കാരിന്റെ പ്രവർത്തങ്ങൾക്കായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിക്ഷേപകരോടുള്ള മനോഭാവത്തിലെ മാറ്റം ഉദ്യോഗസ്ഥ സംവിധാനത്തിന്റെ താഴെത്തട്ടിലേക്കുകൂടി എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വ്യവസായമേഖലയിൽ സംരംഭകരുടെ പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കുന്നതുൾപ്പെടെ ശക്തമായ പരാതി പരിഹാര സംവിധാനം ഈ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ എന്നറിയിക്കുമോ?

## 'ഡ്രീംവെസ്റ്റർ' പദ്ധതിയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും

581 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകരുടെ വളർച്ചയ്ക്കും പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) യുവസംരംഭകരെ കണ്ടെത്തുന്നതിനും അവരുടെ ആശയങ്ങളെ ഉൽപ്പന്നമാക്കി സംരംഭങ്ങൾ മുഖേന വിപണനം നടത്തുന്നതിനും സഹായകരമായ 'ഡ്രീംവെസ്റ്റർ' പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(സി) യുവസംരംഭകരെ സൃഷ്ടിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യം എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ?

## നാലാം വ്യവസായ വിപ്ലവത്തിന്റെ അനന്ത സാധ്യതകൾ

582 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം വ്യവസായ വിപ്ലവത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിലെ പുരോഗതിയെ സമഗ്രതയിലെത്തിക്കുന്നതിന് സർക്കാർ നടപ്പാക്കി വരുന്ന നയപരിപാടികളും പദ്ധതികളും പര്യാപ്തമാണോ എന്ന് വിശദമാക്കുമോ;

(ബി) നൂതന സാങ്കേതിക വിദ്യകൾ ഉൽപ്പാദനമേഖലയിൽ സന്നിവേശിപ്പിക്കുന്നതിനായി സംരംഭകരെ സജ്ജരാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) നൂതന വ്യവസായങ്ങളിലെ നിക്ഷേപ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്താദ്യമായി റോബോട്ടിക് റൗണ്ട് ടേബിൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

**<u>അമ്പലപ്പുഴ മണ്ഡലത്തിലെ വാടയ്ക്കൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിലെ ഭൂമി</u>**

583 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ വാടയ്ക്കൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ ഭൂമി അനുവദിച്ച് നൽകിയത് ആർക്കൊക്കെയാണ്; ഓരോരുത്തരും അപേക്ഷ നൽകിയ വർഷവും ഭൂമി അനുവദിച്ച് നൽകിയ വർഷവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അപേക്ഷനൽകി അഞ്ച് വർഷത്തിൽ അധികമായി യിട്ടും ഭൂമി അനുവദിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ വകുപ്പിന്റെ കൈവശം അപേക്ഷ സമർപ്പിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ ഭൂമി അനുവദിക്കുന്നതിനായി അപേക്ഷ നൽകിയ വർഷം ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഒരു വർഷം മുമ്പ് പുന്നപ്രയിൽ ഉദ്ഘാടനം ചെയ്ത വ്യവസായ വകുപ്പിന്റെ ശാലയുടെ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് എത്രയും കാലതാമസം ഉണ്ടായതെന്നും; ശാലയുടെ സൗകര്യങ്ങൾ ഏതെല്ലാം സംരഭകർക്ക് അനുവദിച്ച് നൽകി എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ചാത്തന്നൂർ വഞ്ചി ക്ലേമൈൻസ് ഭൂമിയുടെ നിലവിലെ സ്ഥിതി</u>**

584 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ അധീനതയിൽ ചാത്തന്നൂർ വഞ്ചി ക്ലേമൈൻസിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും നാലതിരുകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമിയിൽ വ്യവസായ വകുപ്പിന്റെ എന്തെങ്കിലും സംരംഭങ്ങൾ ഉടൻ തുടങ്ങുന്നതിനോ സമീപ ഭാവിയിൽ തുടങ്ങുന്നതിനോ വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) നിലവിൽ പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ വകുപ്പുകളോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളോ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ അപേക്ഷകളിന്മേൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള തീരുമാനം അറിയിക്കാമോ;

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചി ക്ലേമൈൻസ് ഭൂമി നിലവിൽ ആർക്കെങ്കിലും പാട്ടത്തിനോ മറ്റ് വ്യവസ്ഥകൾ പ്രകാരമോ

നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ മുഴുവൻ വിശദാംശങ്ങളും വ്യക്തമാക്കാമോ?

**<u>അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണം</u>**

585 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ അനുവദിച്ച 5 കോടി രൂപയുടെ ഭരണാനുമതി ആയോ എന്ന് വിശദമാക്കാമോ;

(ബി) ടി തുക ഉപയോഗിച്ച് അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നതെന്ന് വിശദമാക്കാമോ?

**<u>ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>**

586 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംസംരഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആലപ്പുഴയുടെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**<u>സംരംഭക വർഷം പദ്ധതി</u>**

587 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയിലൂടെ എത്ര സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്</u>**

588 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്'' ന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇത് എന്നത്തേയ്ക്കാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## വ്യവസായ സംരംഭങ്ങൾ

589 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സംരംഭങ്ങളും അവയുടെ മുടക്കുമുതലും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പൂട്ടിയ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ വ്യവസായ സംരംഭങ്ങൾ പൂട്ടിയത് കാരണം എത്ര കോടി രൂപ നഷ്ടമുണ്ടായെന്നും എത്ര പേർക്ക് തൊഴിലുകൾ നഷ്ടമായെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഇ) തൊഴിലുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്

590 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പദ്ധതി പ്രകാരം പുതിയ വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന അനുമതി നല്കിയിട്ടുള്ളത്; ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മൂലം സംസ്ഥാനത്ത് നിക്ഷേപസമാഹരണപ്രവർത്തനങ്ങൾക്ക് ഗതിവേഗം കൂടിയിട്ടുണ്ടോ; വിശദമാക്കുമോ ?

## ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളേജുകൾ

591 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എത്ര കോളേജുകളെയാണ് തിരഞ്ഞെടുത്തതെന്ന് അറിയിക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ നിന്ന് ഏതൊക്കെ കോളേജുകളെയാണ് തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

## ആശ്രിത നിയമനം

592 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോജക്ട് ലിമിറ്റഡിൽ സേവനം അനുഷ്ഠിച്ചു വരവെ അന്തരിച്ച ജോൺസൺ വർഗ്ഗീസിന്റെ ഭാര്യ ശ്രീമതി ആർ. ഉഷാകുമാരി ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

**ഏനാദിമംഗലം കിൻഫ്രാ പാർക്ക്**

593 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലം കിൻഫ്രാ പാർക്കിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പാർക്കിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; വിശദവിവരങ്ങൾ നൽകാമോ?

**സിഡ്കോ വുഡ് വർക്കിംഗ് യൂണിറ്റ്**

594 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കൊല്ലകടവിൽ സിഡ്കോ വുഡ് വർക്കിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്തുതന്നെ വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം മാവേലിക്കര മണ്ഡലത്തിൽ നിലനിർത്തി ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ ചെറുകിട സംരംഭങ്ങൾ**

595 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് അനുമതിയും സഹായവും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**ചെറുകിട സംരംഭങ്ങൾ**

596 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര ചെറുകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇവയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്;

(സി) ഇതുവരെ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എത്ര കോടി രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## ചെറുകിട വ്യവസായ സംരംഭങ്ങൾ

597 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ചേലക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന പഴയന്നൂർ, വടക്കാഞ്ചേരി ബ്ലോക്ക്തല വ്യവസായ ഓഫീസുകൾ മുഖേന എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ഇതിലൂടെ എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്;

(സി) എല്ലാ സംരംഭങ്ങൾക്കുമായി എത്ര രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## സൂക്ഷ്മ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

598 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സൂക്ഷ്മ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും ഇവയിൽ എത്രയെണ്ണം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ?

## മാൽക്കോടെക്സ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക

599 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാൽക്കോടെക്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് നിലവിൽ ശമ്പളം കുടിശ്ശിക ഉണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) ശമ്പളക്കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായി നൽകാൻ കഴിയുമെന്ന വിവരം അറിയിക്കാമോ?

## പരമ്പരാഗത വ്യവസായമേഖലകളിലെ വേതന വർദ്ധനവ്

600 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ഖാദി, കൈത്തറി മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ദിവസവേതനത്തിൽ എത്ര രൂപയുടെ വർദ്ധനവ് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ പുതുതായി എത്ര തൊഴിൽ ദിനങ്ങളും തൊഴിലാളികളുടെ എണ്ണവും അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

**എടവിലങ്ങ് കൈതോല പായ നെയ്ത്ത് വ്യവസായം**

601 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എടവിലങ്ങ് കൈതോല പായ നെയ്ത്ത് കേന്ദ്രത്തിന്റെ ജീർണാവസ്ഥ പരിഹരിക്കുന്നതിനായി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

**ഗിഫ്റ്റ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനം**

602 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപകരെ ആകർഷിക്കുന്നതിനായി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ ഏതൊക്കെ അനുമതികൾ ലഭ്യമായിട്ടുണ്ട്; ഏതൊക്കെ അനുമതികൾ ഇനി ലഭ്യമാകാനുണ്ട്; വ്യക്തമാക്കുമോ;

(സി) ഇന്ത്യയിലെ രണ്ടാമത്തേതും ദക്ഷിണേന്ത്യയിലെ ആദ്യത്തേതുമായ ഗിഫ്റ്റ് സിറ്റി യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്ഥാനത്തുണ്ടാകുമെന്ന പ്രാഥമികമായി വിലയിരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ഡി) രാജ്യത്തെ നിലവിലെ ഗിഫ്റ്റ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനമാതൃക തന്നെയാണോ ഇവിടെയും പിൻതുടരുന്നത്; വിശദമാക്കുമോ?

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ**

603 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പാർക്കുകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

**കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

604 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ മേഖലയിലെ കോളേജുകളെയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പാർക്കുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നല്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏത് വിധത്തിൽ മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>സ്വകാര്യ വ്യവസായ പാർക്കുകൾ</u>**

605 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>പുല്ലുപാറയിലെ ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് ആക്കി മാറ്റുന്നത് സംബന്ധിച്ച്</u>**

606 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ സെസ് പദവി ഡീനോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഭൂമി വ്യവസായ പാർക്ക് ആക്കി മാറ്റാൻ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനം നടപ്പിലാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**<u>കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതി</u>**

607 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായുള്ള കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ വ്യവസായപാർക്ക്</u>**

608 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ വ്യവസായ ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യം ഒരുക്കി വ്യവസായപാർക്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

609 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്ന് അറിയിക്കുമോ?

## സ്വകാര്യ വ്യവസായ പാർക്കുകൾ

610 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ നിർമ്മിക്കാനാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്;

(ബി) ഇതുവഴി എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) എത്ര കോടി രൂപ ഇവയ്ക്കായി സാമ്പത്തിക സഹായം നൽകേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## പുതു വൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെയും മത്സ്യസംസ്കരണ പ്ലാന്റിന്റെയും പ്രവർത്തനം

611 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതു വൈപ്പിൻ മെഗാ ഫുഡ്പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിലവിൽ നിർമ്മാണം നിലച്ചിരിക്കുന്നതുമായ പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്ലാന്റിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനായി തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്കുള്ള മാർഗ നിർദേശങ്ങൾ

612 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) സർക്കാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് പരിഗണിക്കാമോ?

**<u>മണിമല നാളികേര പാർക്ക്</u>**

613 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണിമലയിലെ നാളികേര പാർക്ക് എന്നാണ് വ്യവസായങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുക എന്ന് വിശദമാക്കാമോ;

(ബി) വ്യവസായങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുന്ന തരത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് മണിമല നാളികേര പാർക്കിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) വ്യവസായങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് വ്യവസായികൾ അന്വേഷിക്കുന്നപക്ഷം അവർക്ക് എന്തൊക്കെ വിവരങ്ങളാണ് നൽകാൻ സാധിക്കുക എന്ന് വ്യക്തമാക്കാമോ?

**<u>ചീമേനിയിൽ വ്യവസായ പാർക്ക്</u>**

614 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്കിനായി വിട്ടുകിട്ടിയ സ്ഥലത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഈ പാർക്ക് എന്നത്തേക്ക് പ്രാവർത്തനമാരംഭിക്കുമെന്നും വ്യക്തമാക്കാമോ?

**<u>പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതി</u>**

615 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 25 ഏക്കർ ഭൂമിയുള്ള പ്രസ്തുത കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഗാല പദ്ധതി

616 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാല പദ്ധതിയുടെ ഉദ്ദേശങ്ങളും പ്രത്യേകതകളും വിശദമാക്കാമോ;

(ബി) ഗാല പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചന്തിരൂർ മലിനീകരണ നിയന്ത്രണ പ്ലാന്റ് നിർമ്മാണം

617 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ചന്തിരൂർ മലിനീകരണ നിയന്ത്രണ പ്ലാന്റ് നിർമ്മാണത്തിന് 2024-25 ബഡ്ജറ്റിൽ അനുവദിച്ച പത്ത് കോടി രൂപ ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് ഭരണാനുമതി ആയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിൽ ആണെന്നും നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിന് നിലവിൽ ഏതെങ്കിലും തടസ്സം ഉണ്ടോയെന്നും വിശദമാക്കാമോ?

## കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ

618 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വ്യവസായ കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും അതിനാവശ്യമായ പ്രോത്സാഹനം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന് വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

619 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി സംരംഭകരെ സഹായിക്കുന്നതിന് വേണ്ടി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത്;

(ബി) ഇതിനായി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

## ബാലുശ്ശേരി മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഭൂമി മിനി സിവിൽ സ്റ്റേഷനു ലഭ്യമാക്കാൻ നടപടി

620 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പറമ്പിൻ മുകളിൽ നിർമ്മിക്കുന്ന ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ ഭൂമി റവന്യൂ വകുപ്പിന് വിട്ട് നൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## ഗ്രാഫീൻ അറോറ പദ്ധതി

621 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാഫീൻ ഉൾപ്പെടെയുള്ള മെറ്റീരിയൽ സാങ്കേതിക വിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി "ഗ്രാഫീൻ അറോറ" പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത് എന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര; അതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണ്; വിശദമാക്കാമോ;

(സി) ഇതിനകം " ഗ്രാഫീൻ സാങ്കേതികവിദ്യ " മേഖലയിൽ മുന്നേറ്റം കുറിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുള്ളത് രാജ്യത്തിന് തന്നെ മാതൃകയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

## കോളേജ് ക്യാമ്പസുകളിൽ വ്യവസായശാല

622 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോളേജ് ക്യാമ്പസ്സുകളിൽ വ്യവസായശാല ആരംഭിച്ച് കുട്ടികളുടെ സാങ്കേതിക കഴിവ് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ വിഷയങ്ങളിലും പഠിക്കുന്ന കുട്ടികൾക്ക് അവസരം നല്കുന്നുണ്ടോ; ഇവർക്ക് വേതനമായിട്ട് എന്തെങ്കിലും നൽകുന്നുണ്ടോ; വിശദമാക്കാമോ?

## ഇ-കൊമേഴ്സ് പോർട്ടൽ കെ-ഷോപ്പി

623 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ ഇ-കൊമേഴ്സ് പോർട്ടലായ കെ.ഷോപ്പിയിലൂടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ എത്ര ഉൽപ്പന്നങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വ്യവസായ രംഗത്ത് രാജ്യത്തിന് മാതൃകയായി വികസന മുന്നേറ്റം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ

624 **ഡോ. കെ. ടി. ജലീൽ**
**ശ്രീ എം നൗഷാദ്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് രാജ്യത്തിന് മാതൃകയായി വികസനമുന്നേറ്റം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് എന്തൊക്കെ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാജ്യത്ത് ഏറ്റവും എളുപ്പത്തിൽ വ്യവസായം നടത്തുവാൻ കഴിയുന്നത് കേരളത്തിലാണെന്ന് നീതി ആയോഗ് മുൻ സി.ഇ.ഒ. അഭിപ്രായപ്പെട്ടിരുന്നോ; ഇത്തരത്തിൽ ബിസിനസ് നടത്തുന്നതിന് ഏറ്റവും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് നടപ്പാക്കിയ നയപരിപാടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനുമായി നടപ്പാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വ്യാവസായികരംഗത്ത് വൻ സാധ്യതകൾ

625 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുറന്നിടുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തി വ്യാവസായികരംഗത്ത് വൻ വികസനം ലക്ഷ്യമിടുന്ന പുതിയ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിഴിഞ്ഞം - കൊല്ലം - പുനലൂർ സാമ്പത്തിക വളർച്ചാ മുനമ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നിക്ഷേപം എത്രയാണ്; ഏതൊക്കെ മേഖലകൾ കേന്ദ്രീകരിച്ചാണ് വ്യവസായസ്ഥാപനങ്ങൾ നിക്ഷേപം നടത്തുന്നത്; വിശദീകരിക്കുമോ;

(സി) തലസ്ഥാനത്തെ നഗര പ്രദേശ വികസന പദ്ധതിയുടെ ഭാഗമായ ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യാവസായിക രംഗത്ത് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖത്തിന്റെ അനന്ത സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിന് വിഴിഞ്ഞം കോൺക്ലേവ് നടത്തിയിരുന്നോ; വിശദീകരിക്കുമോ?

## ക്വാറികളുടെ ദൂരപരിധി

626 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികളുടെ ദൂരപരിധി ഇപ്പോൾ എത്ര മീറ്ററാണ് എന്നറിയിക്കാമോ; ഖനനം പൊതുമേഖലയിൽ നിലനിർത്തുന്നതിനും അധികവരുമാനം ഉണ്ടാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## അനധികൃത ഖനനം തടയുന്നതിന് നടപടി

627 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 കാലയളവിൽ ഖനനാനുമതി നൽകിയിരിക്കുന്നത് എത്ര യൂണിറ്റുകൾക്കാണെന്നത് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) അനധികൃത ഖനനം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; ഇതിന്റെ ഭാഗമായി 2023-24 കാലയളവിൽ എത്ര പാറ ക്വാറികൾക്കാണ് അനുമതി നിഷേധിച്ചതെന്ന് വിശദമാക്കാമോ?

## നെടുങ്കുന്നം വീരന്മലയിലെ മണ്ണെടുപ്പ്

628 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ നെടുങ്കുന്നം പഞ്ചായത്ത് പരിധിയിലുള്ള വീരന്മലയിൽ മണ്ണെടുപ്പ് നടത്തുന്നത് സംബന്ധിച്ച് ജിയോളജി വകുപ്പ് തയാറാക്കിയിട്ടുള്ള എസ്കവേഷൻ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ണെടുപ്പിൽ അനുവദനീയമല്ലാതെ ചെയ്തിട്ടുള്ള നടപടികളിന്മേൽ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) വീരന്മലയിലെ മണ്ണെടുപ്പ് സംബന്ധിച്ച എസ്കവേഷൻ പ്ലാൻ തയാറാക്കിയപ്പോൾ പ്രസ്തുത സ്ഥലത്തിന് തൊട്ടുമുകളിലായി സ്ഥിതി ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ജലസംഭരണിയുടെയും അതിന് സമീപത്തായുള്ള വലിയ കുളത്തിന്റെയും സുരക്ഷിതത്വം കണക്കിലെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രദേശം ഭൂകമ്പസാധ്യതയുള്ള പ്രദേശമായി ഐഡൻറിഫൈ ചെയ്തിട്ടുള്ളതാണോ; എങ്കിൽ മണ്ണെടുപ്പിന് അനുമതി നൽകിയപ്പോൾ അത് പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) 2018-ൽ ഉണ്ടായ പ്രളയത്തിന് ശേഷം വീരന്മല ദുരന്ത സാധ്യതാ പ്രദേശമായി നെടുങ്കുന്നം പഞ്ചായത്ത് പ്രഖ്യാപിച്ചത് സംബന്ധിച്ച വിവരങ്ങൾ ജിയോളജി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ അത് പരിഗണിക്കാൻ നടപടി സ്വീകരിക്കാമോ;

(എഫ്) മണ്ണെടുപ്പിനായി അനുമതി നൽകുന്നതും റോയൽറ്റി അടയ്ക്കുന്നതും സംബന്ധിച്ച അളവ് മാനദണ്ഡം അറിയിക്കാമോ; ലോഡിന്റെ എണ്ണത്തിനാണോ മെട്രിക് ടൺ കണക്കിലാണോ റോയൽറ്റിയും പെർമിറ്റും കണക്കാക്കുന്നതെന്ന്

വ്യക്തമാക്കാമോ; ലോഡ് കണക്കിലാണെങ്കിൽ ഒരു ലോഡ് എന്നത് എത്ര ടൺ എന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മലപ്പുറം ജില്ലയിലെ നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം**

629 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം ഒരുവർഷമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം മണ്ഡലത്തിലെ പൂൽപറ്റ കേന്ദ്രം ഉൾപ്പെടെ ജില്ലയിൽ എത്ര നെയ്ത്ത് കേന്ദ്രങ്ങളും തൊഴിലാളികളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വേതനം വൈകുന്നത് പാവപ്പെട്ട തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന സാഹചര്യത്തിൽ ഇവരുടെ മിനിമം വേതനം കുടിശ്ശികയടക്കം തീർത്തു നൽകുന്നതിനു നടപടി സ്വീകരിക്കാമോ?

**നെയ്യാറ്റിൻകര കുളത്തൂർ പവർലൂം ഫാക്ടറി**

630 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ പവർലൂം ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) 2020 മുതൽ 2024 വരെ പ്രസ്തുത പവർലൂം തുറന്ന് പ്രവർത്തിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**കൈത്തറി വ്യവസായം പരിപോഷിപ്പിക്കാൻ നടപടി**

631 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാകുടിശ്ശിക ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**കോട്ടയം ടെക്സ്റ്റൈൽസിൽ വൈവിദ്ധ്യവൽക്കരണം**

632 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കൾ കിട്ടാത്ത സാഹചര്യം മൂലം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയിലും തൊഴിലാളികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള മില്ലുകളെ ആധുനിക നിലവാരത്തിൽ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) കോട്ടയം ടെക്സ്റ്റൈൽസ് വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനിക ടെക്സ്റ്റൈൽ ടെക്നോളജി സെന്ററായി പ്രവർത്തിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഇ) കോട്ടയം ടെക്സ്റ്റൈൽസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വിരമിക്കൽ അനുകൂല്യങ്ങൾ പൂർണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും ആർക്കെല്ലാമാണെന്നും എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## ഗാർഹിക സംരംഭങ്ങൾക്കുള്ള സഹായങ്ങൾ

633 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക സംരംഭങ്ങൾക്ക് നിലവിൽ എത്ര ശതമാനം പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഗാർഹിക സംരംഭകർക്ക് എന്തൊക്കെ അധിക സഹായങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

## എന്റെ ഗ്രാമം പദ്ധതി

634 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയായ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി തുക വിതരണം ചെയ്യാൻ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എത്ര കാലത്തിനുള്ളിൽ കുടിശ്ശിക തുക മുഴുവൻ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) എന്റെ ഗ്രാമം പദ്ധതി നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

## പള്ളിച്ചൽ പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈയ്യേറ്റം

635 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വെ നമ്പർ 151/2-ൽ പെട്ട 17.20 ആർ സ്ഥലം വീണ്ടെടുക്കുന്നതിനായി ബോർഡ് സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) കൈയ്യേറ്റം ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഭൂമി വീണ്ടെടുക്കുന്നതിനായുള്ള തുടർ നടപടികൾ വിശദമാക്കാമോ; ഇതിനായി എത്ര നാൾ കൂടി വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ?

## <u>കയർമേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി</u>

636 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർപിരിക്കുന്ന തൊഴിലാളികളുടെയും ഫാക്ടറി തൊഴിലാളികളുടെയും കൂലി വർദ്ധിപ്പിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കയർ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുവാനും ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനും വകുപ്പ് മുൻകൈയെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## <u>ചവറ നാച്വറൽ ഫൈബർ പാർക്ക്</u>

637 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## <u>കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം</u>

638 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് പ്രസ്തുത മേഖലയിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനയും ചകിരി, കയർ എന്നിവയുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രീവൻസ് കമ്മിറ്റി യോഗം ചേർന്ന് കയറുല്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കയറ്റുമതി സ്ഥാപനങ്ങൾ കയർ കോർപ്പറേഷന് ഓർഡറുകൾ നൽകുന്നതിന് വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കയർ സഹകരണ സംഘങ്ങളിൽ നിന്നും ചെറുകിട മേഖലയിൽ നിന്നും കയർ ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് വേണ്ട നടപടി സ്വീകരിക്കുമോ; കയറുല്പന്ന മേഖലയിലെ ഡിപ്പോ സമ്പ്രദായം അവസാനിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>സംസ്ഥാനത്തെ കയർ വ്യവസായം</u>

639 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കയർ ഉല്പന്നങ്ങളുടെ വിപണനത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കയർ മേഖലയിലെ തൊഴിലാളികൾക്ക് മികച്ച വേതനമനുവദിക്കുന്നതിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കയർ ഉല്പന്നങ്ങൾക്കുള്ള അന്തർദേശീയ വിപണി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും</u>

640 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ഭൂമി ടൂറിസം മേഖലയ്ക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ടൂറിസത്തെ ബാധിക്കാത്ത വിധം പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കൊണ്ടോട്ടി മണ്ഡലത്തിലെ വൈദ്യുതി തടസ്സം</u>

641 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ വൈദ്യുതി തടസ്സം പതിവാകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങളും പരിഹാരവും വിശദമാക്കുമോ;

(ബി) മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെയും ഇവ എന്നത്തേക്ക് നടപ്പിലാക്കുമെന്നുള്ളതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കുന്നത്ത് നാട് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം.

642 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്ത് നാട് മണ്ഡലത്തിലെ മനയ്ക്ക കടവ്, തെങ്ങും തുരുത്ത്, പഴങ്ങനാട് പ്രദേശങ്ങളിൽ ഉണ്ടാകുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വ്യക്തമാക്കാമോ;

(സി) കടുത്ത വോൾട്ടേജ് ക്ഷാമം മൂലം പ്രദേശവാസികളുടെ ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയും ഗൃഹോപകരണങ്ങൾ പെട്ടെന്ന് നശിച്ചു പോകുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) തൃക്കാക്കര സെക്ഷനു കീഴിലെ നിലവിലുള്ള 160 കെ.വി. ട്രാൻസ്ഫോർമർ 250 കെ.വി. ആക്കി ഉയർത്തി അവിടെ നിന്നും വൈദ്യുതി ലഭ്യമാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ സാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ പരിശോധിക്കുമോ;

(ഇ) മേൽ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## വൈദ്യുതി ചാർജ്ജ് വർദ്ധന

643 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഏതെല്ലാം ഘട്ടത്തിൽ എത്ര ശതമാനം വീതം ചാർജ്ജ് വർദ്ധിപ്പിച്ചു എന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ചാർജ്ജ് വർദ്ധന ആവശ്യപ്പെട്ട് വൈദ്യുതി ബോർഡ് ഏറ്റവും ഒടുവിൽ റഗുലേറ്ററി കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## പുതുക്കാട് മണ്ഡലത്തിലെ ചാർജിംഗ് സ്റ്റേഷനുകൾ

644 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വിവിധ സെന്ററുകളിൽ ബാറ്ററി ചാർജിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം പരിശോധിക്കുന്നതിനും, അവ പ്രവർത്തനക്ഷമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ നടപടി

645 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് 2021 ജൂൺ മുതൽ നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയതിലൂടെ ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമമാണ് പരിഹരിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമം പരിഹരിക്കാനുള്ള നടപടികളാണ് നടന്നുവരുന്നതെന്നും ആയത് എപ്പോൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

<u>**വൈദ്യുതമേഖലയിലെ മുന്നേറ്റം**</u>

646 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വൈദ്യുതമേഖലയിൽ ഏതെല്ലാം രീതിയിൽ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതിസ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(സി) ഇതര സംസ്ഥാനത്തെ വൈദ്യുതി നിരക്കുമായി സംസ്ഥാന വൈദ്യുതി നിരക്ക് താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

<u>**തിരൂർ നിയോജക മണ്ഡലത്തിലെ വൈദ്യുതി വിതരണം**</u>

647 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വിതരണം നടത്തുന്നതിന് സ്ഥാപിച്ചിട്ടുള്ള ലൈനിൽ എത്ര ശതമാനം വീതമാണ് സിംഗിൾ-ഫേസ്, ത്രീ-ഫേസ്, എ.ബി.സി കേബിളുകൾ എന്നിവയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സിംഗിൾ-ഫേസ് ലൈനിലൂടെ വൈദ്യുതി വിതരണം ചെയ്യുന്ന മേഖലയിൽ ത്രീ-ഫേസ് ആക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>**കാസർഗോഡ് മണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകൾ**</u>

648 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സെക്ഷനുകളുടെ കീഴിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളുടെ പേരും ഇതിനുവേണ്ടി എടുത്ത എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകൾ മുഴുവനും എപ്പോൾ സ്ഥാപിച്ച് കഴിയുമെന്ന് വ്യക്തമാക്കാമോ?

## വിളപ്പിൽ ശാലയിൽ 110 കെ.വി. സബ്സ്റ്റേഷൻ

649 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനവും ട്രസ്റ്റ്പാർക്കും ഉൾപ്പടെ സ്ഥാപിതമാകുന്ന തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## മണിയാർ ജലവൈദ്യുത പദ്ധതി

650 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി കാർബറണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിപരീതമായി വൈദ്യുതിക്ക് വിലക്കുറവുള്ള സമയം പുറത്തു നിന്ന് വൈദ്യുതി വാങ്ങുകയും വില കൂടുമ്പോൾ കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നൽകിയ വൈദ്യുതി തിരികെ എടുക്കുകയും ചെയ്ത നടപടിയിൽ കമ്പനിക്ക് കെ.എസ്. ഇ.ബി നോട്ടീസ് നൽയിരുന്നോ; എങ്കിൽ ആ നോട്ടീസുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മണിയാർ ജലവൈദ്യുത പദ്ധതി

651 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി കാർബറണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി നീട്ടാൻ കമ്പനി സർക്കാരിന് കത്ത് നൽകിട്ടിയുണ്ടോ; എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## വൈദ്യുതി കുടിശിക

652 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കുടിശികയിനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് എത്ര രൂപ ലഭിക്കാനുണ്ട് എന്നറിയിക്കുമോ ; സ്ഥാപനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കടിശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയ നടപടി

653 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഭരണകാലത്തെ ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയതിനെത്തുടർന്ന് പുതിയ കരാർ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കുന്നതിന് ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കരാറുകൾ പുനരുജ്ജീവിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇപ്രകാരം കരാറുകൾ പുനരുജ്ജീവിപ്പിച്ചപ്പോൾ കമ്പനികൾ പഴയ നിരക്കിൽ വൈദ്യുതി നൽകാൻ തയ്യാറായിരുന്നോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ ഇതുമൂലം നിരക്കിലുണ്ടായ വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയതിലൂടെ കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## മണിയാർ വൈദ്യുത പദ്ധതി കരാറിലെ വ്യവസ്ഥകൾ

654 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ വൈദ്യുത പദ്ധതി നടത്തിപ്പുകാരായ കാർബോറണ്ടം യൂണിവേഴ്സൽ കമ്പനിയുമായുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും കരാർ കാലാവധി അവസാനിച്ചത് എന്നാണെന്നും അറിയിക്കുമോ; വിശദമാക്കുമോ;

(ബി) കരാർ കാലാവധി കഴിഞ്ഞ ഈ പദ്ധതി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## വൈദ്യുതി കണക്ഷൻ

655 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ ഇതുവരെയായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഇതിൽ ഗാർഹിക കണക്ഷൻ, കാർഷിക കണക്ഷൻ, വ്യവസായിക കണക്ഷൻ എന്നിവ എത്ര വീതമെന്ന് വിശദമാക്കുമോ?

## ബി.പി.എൽ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ

656 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപയാണ് ഈ സർക്കാർ അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

## മണിയാർ ജലവൈദ്യുതപദ്ധതി

657 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി കാർബറണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസഫർ വ്യവസ്ഥ പ്രകാരം ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി

658 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ രാമപുരം പഞ്ചായത്ത് 17-ാം വാർഡ് പഴമലയിൽ തിരുഹൃദയ മഠം പത്തോളം കുടുംബങ്ങൾക്ക് സൗജന്യമായി ഭവനം നിർമ്മിച്ച് നൽകിയ സ്ഥലത്ത് കമ്പികളുടേയും എട്ട് മീറ്റർ നീളമുള്ള പോസ്റ്റുകളുടെയും അഭാവംമൂലം വൈദ്യുതി കണക്ഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗികൾ ഉൾപ്പെടെ നിരവധി അന്തേവാസികളുള്ള പ്രസ്തുത സ്ഥലത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## എസ്. പി. വി-യായി കെ.എസ്.ഇ.ബി.

659 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിക്ക് കീഴിൽ നടക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ എസ്. പി. വി.-യായി കെ.എസ്.ഇ.ബി-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് എന്നതിന്റെ വിശദാംശം നൽകാമോ?

## മുൻ സർക്കാർ കാലത്തെ കരാർ റദ്ദാക്കിയ നടപടിയിൽ കെ.എസ്.ഇ.ബി-യുടെ വിശദീകരണം

660 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു. ഡി. എഫ്. സർക്കാർ കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ അന്നത്തെ പവർ വകുപ്പ് സെക്രട്ടറി നിലവിലെ വൈദ്യുതി മന്ത്രിക്ക് നൽകിയ കത്തിന് ബോർഡ് നൽകിയ വിശദീകരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കത്തിന് മറുപടിയായി കെ.എസ്.ഇ.ബി സി.എം.ഡി നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>വൈദ്യുതി നിരക്ക് വർദ്ധനവ്</u>

661 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതിനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി ഉല്പാദന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നടപ്പുവർഷവും വരും വർഷങ്ങളിലും വൈദ്യുതി താരിഫ് വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രത്തോളം വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിന്റെ കെടുകാര്യസ്ഥത മൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന ഇത്തരം ബാധ്യതകൾ സാധാരണ ഉപഭോക്താക്കളെ ബാധിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ നടപടി</u>

662 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ റോഡിലൂടെ കടന്ന് പോവുന്ന കെ.എസ്.ഇ.ബി. വിതരണ ലൈനുകൾ എ ബി സി കേബിളാക്കി അപ്ഗ്രേഡ് ചെയ്യുമ്പോൾ കേബിളിൽ സ്ട്രീറ്റ് മെയിൻ അടക്കമാണോ സ്ഥാപിക്കുന്നത്; അത്തരം ലൈനുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പദ്ധതി വകയിരുത്തി കെ.എസ്.ഇ.ബി.ക്ക് പണം അടക്കണമെന്ന നിർദേശം നിലവിലുണ്ടോ;

(ബി) ഗ്രാമ പഞ്ചായത്ത് റോഡിലൂടെയുള്ള കെ.എസ്.ഇ.ബി. ലൈനുകൾ എ ബി സി കേബിളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി കൂടുതൽ പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് റൈറ്റ് ഓഫ് വേ എന്ന പേരിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങാറില്ല ; ഇത്തരത്തിൽ പരസ്പരം സഹകരിച്ച് കെ എസ് ഇ ബി ക്ക് പ്രത്യേക

സാമ്പത്തിക ബാദ്ധ്യത വരാത്ത സാഹചര്യത്തിൽ എ ബി സി കേബിളാക്കി അപ്ഗ്രേഡ് ചെയ്തയിടങ്ങളിൽ ഗ്രാമ പഞ്ചായത്ത് ചെലവിൽ മീറ്റർ സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് വെക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഗ്രാമീണ റോഡുകളിലൂടെ കെ.എസ്.ഇ.ബി. അധിക ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ റോഡിനുണ്ടാകുന്ന റെസ്റ്റോറേഷൻ ചാർജ്ജുകൾ ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്ന രീതിയോ കെ എസ് ഇ ബി റോഡിന്റെ നിലവില ഉപരിതല സ്ഥിതി അനുസരിച്ച് റെസ്റ്റോറേഷൻ ചെയ്യുന്ന രീതിയോ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് പ്രത്യേക നിർദ്ദേശം വകുപ്പ് നൽകുമോ?

## കാസർഗോഡ് മണ്ഡലത്തിലെ വൈദ്യുതി സെക്ഷനുകളുടെ വിഭജനം

663 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കാൻ വേണ്ട ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മാനദണ്ഡപ്രകാരം കാസർഗോഡ് നിയോജകമണ്ഡലത്തിൽ വിഭജിക്കപ്പെടേണ്ട സെക്ഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വിഭജിക്കാൻ ആവശ്യമായ ഉപഭോക്താക്കൾ ഉണ്ടെങ്കിലും സെക്ഷനുകൾ വിഭജിക്കപ്പെടാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പുതുതായി സെക്ഷൻ ആരംഭിക്കണമെങ്കിൽ അതിനുവേണ്ടി വരുന്ന ചെലവ് എത്രയാണ് എന്ന് വ്യക്തമാക്കാമോ?

## മണിയാർ വൈദ്യുത പദ്ധതി

664 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മണിയാർ ജലവൈദ്യുത പദ്ധതി കരാർ കാലാവധി അവസാനിച്ച ശേഷവും കെ.എസ്.ഇ.ബി-ക്ക് കൈമാറാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) കരാർ കാലാവധി സമയത്ത് കാർബറോണ്ടം യൂണിവേഴ്സൽ കമ്പനി നടത്തിയ കരാർ ലംഘനങ്ങളേയും, വീഴ്ച്ചകളേയും സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് കെ.എസ്.ഇ.ബി വൈദ്യുതി വകുപ്പിന് നൽകിയ കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) മണിയാർ വൈദ്യുത പദ്ധതി കെ.എസ്.ഇ.ബി ക്ക് കൈമാറികിട്ടുകയാണെങ്കിൽ അത് സംസ്ഥാനത്തെ ഊർജ്ജമേഖലയ്ക്കും, വൈദ്യുതി ഉപഭോക്താക്കൾക്കും എപ്രകാരം പ്രയോജനം ചെയ്യുമെന്നാണ് കെ.എസ്.ഇ.ബി നൽകിയ കത്തിൽ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മണിയാർ ജലവൈദ്യുത പദ്ധതി അടിയന്തരമായി കെ.എസ്.ഇ.ബി-ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മണിയാർ ജലവൈദ്യുത പദ്ധതി</u>**

665 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ജലവൈദ്യുത പദ്ധതിയ്ക്കായി കാർബറണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ ലംഘിച്ചു എന്ന് കാണിച്ചു കൊണ്ട് കെ.എസ്.ഇ.ബി കമ്പനിക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി</u>**

666 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ എം എൽ എ യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് കെഎസ്ഇബി കുണ്ടറ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം പരിഗണിച്ച് എത്രയും വേഗം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**<u>ടി.ഒ.ഡി മീറ്റർ</u>**

667 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയത്തിനനുസരിച്ച് വൈദ്യുതി നിരക്കിൽ വർദ്ധന നടപ്പാക്കുന്നതിനായി ടി ഒ ഡി മീറ്റർ പദ്ധതി നടപ്പാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏത് തരം ഉപഭോക്താക്കൾക്കാണ് ടി ഒ ഡി മീറ്റർ സ്ഥാപിക്കുന്നതെന്നും പ്രസ്തുത മീറ്ററിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്നും ഇതു സ്ഥാപിക്കുന്നതിനായി എത്ര രൂപയുടെ ചെലവ് വരുമെന്നും വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര നിബന്ധനപ്രകാരം സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കൾക്കും 2026 ഡിസംബറോടെ സ്മാർട്ട് മീറ്റർ സ്ഥാപിക്കണം എന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ടി.ഒ.ഡി മീറ്റർ സ്ഥാപിക്കാനുള്ള നടപടികളുടെ പ്രസക്തി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ടി ഒ ഡി മീറ്റർ സ്ഥാപിക്കുന്നത് മൂലം ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടം എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

**<u>വൈദ്യുത ബില്ല്</u>**

668 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് നൽകുന്ന വൈദ്യുത ബില്ലിൽ ഏതെല്ലാം ഘടകങ്ങളുടെ തുകകളാണ് ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുത ബില്ലിൽ ഉൾപ്പെടുന്ന ഫിക്സഡ് ചാർജ് ഉപഭോക്താക്കൾക്ക് ഉപകാരപ്രദമാകുന്ന രൂപത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) പൊതുജനങ്ങൾ പണം നൽകി സ്ഥാപിക്കുന്ന വൈദ്യുത മീറ്ററിന്, മീറ്റർ വാടക എന്ന രൂപത്തിൽ വൈദ്യുത ബില്ലിൽ നിശ്ചിത തുക ഉൾപ്പെടുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) വൈദ്യുത ബില്ലിൽ ഉൾപ്പെടുന്ന മീറ്റർ വാടക, ഫിക്സഡ് ചാർജ്, എനർജി ചാർജ്, ഫ്യൂവൽ ചാർജ് തുടങ്ങിയവ ഈടാക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇവ ഓരോന്നും ഇനം തിരിച്ച് വിശദമാക്കുമോ?

## ഊർജ സ്വയംപര്യാപ്തത

669 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജമടക്കമുള്ള പുനരുപയോഗ ഊർജ സ്രോതസ്സുകളെ പരമാവധി ആശ്രയിച്ചും ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും ഊർജ സ്വയംപര്യാപ്തതയിലേക്ക് സംസ്ഥാനത്തെ എത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം ഊർജ സ്വയം പര്യാപ്തതയിലേക്ക് സംസ്ഥാനത്തെ എത്തിക്കുവാൻ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഊർജ ആവശ്യങ്ങൾക്ക് ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് സോളാർ പാനലുകളും കൃഷിയിടങ്ങളിൽ സോളാർ പമ്പുകളും വ്യാപകമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി പുരപ്പുറ സൗരോർജ പദ്ധതി വ്യാപകമാക്കുന്നതിനോടൊപ്പം നഗരങ്ങളിലെ മുഴുവൻ സർക്കാർ ഓഫീസുകളിലും സൗരോർജ പ്ലാന്റുകളും സോളാർ ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## വൈദ്യുത ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി

670 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കൂരിയാടിനും വെന്നിയൂരിനും ഇടയ്ക്ക് സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്ന 11 കെ.വി. വൈദ്യുതലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉയർന്ന വോൾട്ടേജിലുള്ള ഈ വൈദ്യുത ലൈൻ റോഡിൽ നിന്നും മാറി ജനവാസ മേഖലയിൽ സ്വകാര്യ ഭൂമിയിലുള്ള വീടുകൾക്ക് അരികിലൂടെ കടന്നുപോകുന്നതുകൊണ്ടുള്ള അപകട സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## നെറ്റ് മീറ്ററിന്റെ അഭാവം

671 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെറ്റ് മീറ്ററിന്റെ അഭാവം മൂലം പുരപ്പുറ സോളാർ പദ്ധതിക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുരപ്പുറ സോളാർ പദ്ധതിക്ക് ആവശ്യമായ മീറ്ററുകൾ യഥാസമയം ലഭ്യമാക്കി പദ്ധതി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) നെറ്റ് മീറ്ററുകൾക്ക് സർക്കാർ നിലവിൽ എത്ര രൂപയാണ് ഈടാക്കുന്നത്; നെറ്റ് മീറ്ററുകൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ?

## മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

672 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ 7.4726 ഹെക്ടർ ഭൂമിയിൽ പട്ടയഭൂമിയായ 5.9099 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഉൾപ്പെടെയുള്ള 2,02,83,072 രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് വിശദാംശങ്ങൾ സഹിതം സ്പെഷ്യൽ തഹസിൽദാർ (എൽ.എ-ജനറൽ, പാല) 04.11.2024 തീയതിയായി പ്രോജക്ട് മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

673 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ, ഇലക്ട്രിക് പോസ്റ്റുകളുമായി ബന്ധപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള ചാർജിംഗ് ബോക്സുകളിൽ എത്ര എണ്ണം പ്രവർത്തന സജ്ജമായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഗുണഭോക്താക്കൾക്ക് ഇവ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യാൻ ആവശ്യമായ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

674 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണരംഗം ശാക്തീകരിക്കുന്നതിനായി നടപ്പാക്കിവരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സ്ഥാപിക്കുന്ന പവർ ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിലൂടെ പ്രസരണരംഗത്ത് ഉണ്ടാകുമെന്നു കണക്കാക്കിയിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ടം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

**ഊർജ്ജ സംരക്ഷണമേഖലയിൽ നടപ്പാക്കി വരുന്ന പരിപാടികൾ**

675 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണമേഖലയിൽ നടപ്പാക്കി വരുന്ന മാതൃകാപരമായ നയപരിപാടികൾക്കുള്ള അംഗീകാരമായി ദേശീയ ഊർജ്ജ-കാര്യക്ഷമതാ പുരസ്കാരം സംസ്ഥാനത്തിന് ലഭിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) ഊർജ്ജസംരക്ഷണ മേഖലയിൽ നടപ്പാക്കിയ ഏതൊക്കെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനം പ്രസ്തുത പുരസ്കാരത്തിനർഹമായതെന്ന് വിശദീകരിക്കുമോ;

(സി) ഊർജ്ജസംരക്ഷണ മേഖലയിൽ സർക്കാർ നടപ്പാക്കുന്ന ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഊർജ്ജസംരക്ഷണത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ നടത്തുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഈ വർഷം സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

**മറിപ്പുഴ ജലവൈദ്യുത പദ്ധതി**

676 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴയിൽ സ്ഥാപിക്കുന്ന 6 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പദ്ധതി നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി സ്റ്റോറേജ് പദ്ധതി

677 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽസമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി, ബാറ്ററിയിൽ സംഭരിച്ച് രാത്രികാലങ്ങളിൽ ഉപയോഗിക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള സ്റ്റോറേജ് പദ്ധതി എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതക്ഷാമം എത്രത്തോളം പരിഹരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നതെന്നറിയിക്കുമോ?

## ഉറുമി പദ്ധതി- പെൻസ്റ്റോക്ക് പൈപ്പ് മാറ്റൽ

678 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ കേടുപാട് സംഭവിച്ച ഉറുമി -II ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

679 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) സിവിൽ, മെക്കാനിക്കൽ വർക്കുകൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിയിട്ടും പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി ത്വരിതഗതിയിൽ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**കാർബോറണ്ടം യൂണിവേഴ്സൽ കമ്പനിയുടെ കരാർ ലംഘനം**

680 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ വൈദ്യുത പദ്ധതി നടത്തിപ്പുകാരായ കാർബോറണ്ടം യൂണിവേഴ്സൽ കമ്പനി കരാർ വ്യവസ്ഥകൾ ലംഘിച്ച് വൈദ്യുതി ഉൽപാദനവും വിൽപനയും നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യം വൈദ്യുതി ബോർഡ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) കരാർ ലംഘനം നടത്തിയ കമ്പനിയുടെ കാലാവധി നീട്ടി നൽകാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ?

**ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ വൈദ്യുതി വകുപ്പ് സെക്രട്ടറി നൽകിയ കത്ത്**

681 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ) യു.ഡി.എഫ്. ഭരണ കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിനെതിരെ അന്നത്തെ വൈദ്യുതി വകുപ്പ് സെക്രട്ടറി നിലവിലെ വൈദ്യുതി മന്ത്രിക്ക് കത്ത് നല്കിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കത്തിന് സർക്കാർ നൽകിയ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിലുള്ള നവീകരണ പ്രവർത്തനങ്ങൾ**

682 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ നാളിതുവരെ നടപ്പിലാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ?

**യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് നടപടി**

683 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട്, പടനിലം പരബ്രഹ്മ ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽ യു ജി കേബിൾ

സ്ഥാപിക്കുവാൻ ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുമോയെന്നും ആയതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

## വൈദ്യുതി ഉൽപാദക കമ്പനികളുമായുള്ള ദീർഘകാല കരാറുകൾ

684 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ വൈദ്യുതി ഉൽപാദക കമ്പനികളുമായി ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത കരാറുകളുടെ വിശദാംശം നൽകുമോ;

(ബി) 25 വർഷത്തേക്കുള്ള കുറഞ്ഞ നിരക്കിലുള്ള വൈദ്യുത കരാറുകൾ 2023-ൽ റദ്ദാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ കരാറുകൾക്കു പകരം യൂണിറ്റിന് 10.25 രൂപ മുതൽ 14.30 രൂപ വരെ വില നൽകി വൈദ്യുതി വാങ്ങേണ്ടി വന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ദീർഘകാല കരാറുകൾ റദ്ദാക്കുന്നതുമൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് അന്നത്തെ ഊർജ്ജ വകുപ്പ് സെക്രട്ടറി സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നത്

685 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വടവുകോട്- പുത്തൻ കുരിശ് പഞ്ചായത്തിൽ അഞ്ചാം വാർഡിൽ കാണിനാട് കുറ്റ എസ് സി നഗർ അമ്പലത്തിനോട് ചേർന്ന് അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോമർ അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പ്രസ്തുത ട്രൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ടൻസ്ഫോമർ കുറ്റ എസ് സി നഗർ അമ്പലത്തിനോട് ചേർന്നിരിക്കുന്നതിനാൽ ഭക്തജനങ്ങൾക്കടക്കം അപകടസാധ്യതയുള്ളതിനാൽ അടിയന്തരമായി ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുതപദ്ധതി

686 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ, തച്ചമ്പാറ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുതപദ്ധതി സ്ഥാപിക്കുന്നതിനു നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വൈദ്യുതിയുടെ ആഭ്യന്തര ഉൽപ്പാദനം

687 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ആഭ്യന്തര ഉൽപ്പാദനം കുറയാൻ ഇടയാക്കിയ ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## വൈദ്യുതി ചാർജ് വർദ്ധനവ്

688 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു എന്നും, എത്ര തവണ താരിഫ് പരിഷ്കരണം നടപ്പാക്കി എന്നും വിശദമാക്കുമോ;

(സി) ഈ ഇനത്തിൽ നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) വർഷാവർഷം എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്തുനിന്ന് വാങ്ങുന്നത് എന്നറിയിക്കുമോ; ഇതിനുവേണ്ടി 2016 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തിന് വിലക്കുറവിൽ വൈദ്യുതി കിട്ടിക്കൊണ്ടിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) നിലവിൽ വൈദ്യുതി ബോർഡിന് എത്ര രൂപയുടെ കടമുണ്ടെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി നിരക്ക് വർദ്ധനവ്

689 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് വിശദമാക്കുമോ; അതിലൂടെ അധികവരുമാനമായി ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

## പ്രതിമാസ ബില്ലിംഗ് സമ്പ്രദായം

690 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്വൈമാസ ബില്ലിംഗിനു പകരം പ്രതിമാസ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസ വൈദ്യുത ബിൽ തയ്യാറാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ;

(ബി) ഉപഭോക്താക്കൾ സ്വയം മീറ്റർ റീഡിംഗ് എടുക്കുന്നതിന് അനുവദിക്കുമോ; എങ്കിൽ ആയതിന്റെ ചാർജ് കണക്കാക്കാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ?

## വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ നടപടി

691 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബർ 5 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ തീരുമാനം എടുത്തിരുന്നോ; എങ്കിൽ നിരക്ക് വർദ്ധനവിന്റെ വിശദാംശം നൽകുമോ;

(ബി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) വൈദ്യുതി ബോർഡിനെ സ്വയംപര്യാപ്തമാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ചാർജ് വർദ്ധനവ് പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

692 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്തായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ചാർജ് വർദ്ധനവിലൂടെ എത്ര തുക അധികമായി സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന വൈദ്യുതി ചാർജ് വർദ്ധനവ് പിൻവലിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലെ നവീകരണ പദ്ധതികൾ

693 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ ഈ സാമ്പത്തികവർഷം നടപ്പിലാക്കിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള 277 കോടി രൂപവരുന്ന ആദ്യഘട്ട പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണം

694 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല - ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരമാവാൻ പാക്കേജിലൂടെ സാധിക്കുമോ;വ്യക്തമാക്കുമോ;

(ഡി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്തുമോ?

## ആലത്തൂരിലെ ഇലക്ട്രിക് സെക്ഷനുകളിലെ നവീകരണ പ്രവർത്തനങ്ങൾ

695 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വിവിധ ഇലക്ട്രിക് സെക്ഷനുകൾക്ക് കീഴിൽ ഈ വർഷം നടപ്പിലാക്കിയതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടേയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടേയും വിശദാംശം ഇലക്ട്രിക് സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

## പുരപ്പുറ സോളാർ പദ്ധതി

696 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി പ്രകാരം നാളിതുവരെ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നറിയിക്കുമോ; പ്രസ്തുത പദ്ധതി പ്രകാരം ഇനി എത്ര കണക്ഷനുകൾ നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ മുൻഗണന പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത്; ഇല്ലെങ്കിൽ അപേക്ഷകൾ മുൻഗണനപ്രകാരം തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്നറിയിക്കുമോ; ഇപ്രകാരമുള്ള വൈദ്യുതി ഉല്പാദനം സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സഹായകരമാകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുതപദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിച്ച് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സോളാർ ഹൈബ്രിഡ് പ്ലാന്റ്

697 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സോളാർ ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ സോളാർ ജനറേഷൻ മീറ്റർ, ബൈഡിറക്ഷണൽ മീറ്റർ എന്നിവ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സോളാർ ഹൈബ്രിഡ് പ്ലാന്റ് സിസ്റ്റത്തിന്റ് അംഗീകൃത സ്കീം/ ലേഔട്ട് ലഭ്യമാക്കാമോ?

## സോളാർ വൈദ്യുത പദ്ധതി

698 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സോളാർ വൈദ്യുത പദ്ധതി പ്രകാരം സംവിധാനമൊരുക്കുന്നതിനുള്ള മീറ്റർ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ പുരപ്പുറ സോളാർ പദ്ധതി

699 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി പാലക്കാട് ജില്ലയിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പുരപ്പുറ സോളാർ പദ്ധതി

700 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര ഉപഭോക്താക്കൾ പങ്കാളികളായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി നിർത്തലാക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

## വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം

701 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ലൈനുകളിൽ നിന്ന് വൈദ്യുതാഘാതമേറ്റ് അപകടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തിരുവല്ല താലൂക്കിൽ നിരണം വില്ലേജിൽ പാലയ്ക്കൽ വീട്ടിൽ പ്രസന്നകുമാർ 15-11-2024 ൽ പൊട്ടിവീണ ഇലക്ട്രിക്ക് ലൈനിൽ നിന്ന് ഷോക്കേറ്റ് മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നിലാവ് പദ്ധതി

702 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ 'നിലാവ് പദ്ധതി' പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകൾ, ഗ്യാരന്റി കാലാവധി അനുസരിച്ച് കേടായത് മാറ്റി സ്ഥാപിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നിലാവ് പദ്ധതി പ്രകാരം നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് കെ.എസ്.ഇ.ബി. സ്ഥാപിച്ചത് എന്ന് വിശദമാക്കാമോ; ഇതിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ ആണ് പ്രവർത്തനരഹിതമായതെന്ന് വ്യക്തമാക്കാമോ;

(സി) കേടായ സ്ട്രീറ്റ് ലൈറ്റുകൾ എപ്പോൾ മാറ്റി സ്ഥാപിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കെ എസ് ഇ ബി സെക്ഷൻ ഓഫീസുകൾ

703 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ പരിധികളിലെ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) ഉപ്പള സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## **ഉഡുപ്പി-കാസർഗോഡ് 400 കെ.വി ലൈൻ**

704 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കാസർഗോഡ് 400 കെ.വി ലൈനിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കരിന്തളം 400 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## **വെന്നിയൂർ സബ് സ്റ്റേഷൻ**

705 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷൻ എന്നു മുതൽ പ്രവർത്തനയോഗ്യമാക്കുമെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ 33 കെവി ഇനത്തിൽ വരുന്ന ഈ സബ്സ്റ്റേഷൻ എന്നേക്ക് 110 കെവി ആയി ഉയർത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## **കോതകുറിശ്ശി 110 സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി**

706 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കോതകുറിശ്ശി 110 സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എന്നേക്ക് പൂർത്തീകരിച്ച് നിലവിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## **മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം**

707 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂരിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി എത്ര ഭൂഉടമകളിൽ നിന്നും ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സർവ്വേ നമ്പർ സഹിതം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന ഘടകങ്ങൾ എന്തൊക്കെയെന്നും പ്രവൃത്തി എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് മുഖേന ഏതൊക്കെ സ്ഥലങ്ങളിലെ വൈദ്യുതക്ഷാമം പരിഹരിക്കപ്പെടുമെന്ന് വിശദമാക്കാമോ?

## 220 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയർ സബ്സ്റ്റേഷൻ നിർമ്മാണം

708 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ സീതത്തോട് പഞ്ചായത്തിൽ കിഫ്ബി സഹായത്തിൽ കെ.എസ്.ഇ.ബി. നിർമ്മിക്കുന്ന 220 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയർ സബ്സ്റ്റേഷൻ നിർമ്മാണപ്രവൃത്തി സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## വൈദ്യുതി ബോർഡിൽ ഡയറക്ടർ നിയമനം

709 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-06-2023 ന ശേഷം വൈദ്യുതി ബോർഡിൽ പ്രസരണം, ഉത്പാദനം, സിവിൽ എന്നീ മേഖലകളിൽ സ്ഥിരം ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ പ്രസരണം, ഉത്പാദനം, സിവിൽ എന്നീ മേഖലകളിൽ സ്ഥിരം ഡയറക്ടർ നിലവിലുണ്ടോ;

(സി) 06.09.2024 ലെ ബോർഡ് ഉത്തരവ് പ്രകാരം കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡിന് ഡയറക്ടർമാരെ തിരഞ്ഞെടുക്കാൻ നൽകിയ തുക എത്ര എന്നറിയിക്കുമോ;

(ഡി) ഡയറക്ടർമാരെ തിരഞ്ഞെടുക്കാൻ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ അതിൽ നിന്നും അർഹരായവരെ നിയമിച്ചിട്ടുണ്ടോ;

(ഇ) കമ്പനി നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണ് വൈദ്യുതി ബോർഡിൽ താത്കാലിക ഡയറക്ടർമാരെ നിയമിക്കുന്നത്; ഇതിനു നിയമ പ്രാബല്യം നേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം

710 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം വിനോദ സഞ്ചാരകേന്ദ്രത്തിൽ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനും കക്കയം ഹൈഡൽ ടൂറിസംകേന്ദ്രം വിപുലപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ; വിശദമാക്കാമോ?

## പാത്തുമ്മുവിനു വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി

711 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വെന്നിയൂർ സെക്ഷനിൽ മരണപ്പെട്ട പെരുവൻ കുഴിയിൽ അഹമ്മദിന്റെ ഭാര്യ 75 കാരിയായ പാത്തുമ്മു 2015-ൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നെങ്കിലും കണക്ഷൻ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശ്രീമതി പാത്തുമ്മുവിനു വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് കോടതിയുടെ ഉത്തരവുകൾ എന്തെങ്കിലും വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ശ്രീമതി പാത്തുമ്മുവിനു എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## റെഗുലേറ്ററി കമ്മീഷന്റെ 10/05/2023 ലെ ഉത്തരവ്

712 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ) 2003-ലെ വൈദ്യുതി നിയമത്തിലെ വകുപ്പ് 108 പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് റെഗുലേറ്ററി കമ്മീഷന്റെ 10/05/2023 ലെ ഉത്തരവ് പുന:പരിശോധിക്കാൻ നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്നാണ് ഈ നിർദേശം നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ബി) റെഗുലേറ്ററി കമ്മീഷൻ ദീർഘകാല കരാർ റദ്ദാക്കുന്ന സാഹചര്യത്തിൽ, പൊതുതാല്പര്യം മുൻനിർത്തി സർക്കാരിന്റെ അധികാരം വിനിയോഗിച്ചുകൊണ്ടു റെഗുലേറ്ററി കമ്മീഷന്റെ നടപടിയെ തടയാൻ സാധിക്കുമായിരുന്നു എന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇങ്ങനെ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

## റെഗുലേറ്ററി കമ്മീഷന്റ ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.എൽ നൽകിയ അപ്പീൽ

713 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു ഡി എഫ് കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കിയ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 10/05/2023 ലെ ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.എൽ ട്രൈബ്യൂണലിന് മുമ്പാകെ അപ്പീൽ നല്കിയിരുന്നോ; എങ്കിൽ നൽകിയ അപ്പീൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപ്പീൽ പിന്നീട് പിൻവലിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

## വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 10/05/2023 ലെ ഉത്തരവ്

714 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 10/05/2023 ലെ ഉത്തരവ് പ്രകാരം യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ ദീർഘകാല കരാറുകൾ റദ്ദാക്കിയ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കമ്പനികൾ അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിച്ചിരുന്നോ;

(ബി) ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ട്രൈബ്യൂണൽ മുമ്പാകെ വൈദ്യുതി ബോർഡ്/ സർക്കാർ ഉയർത്തിയ വാദങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് കോൾ ലിങ്കേജ്

715 **ശ്രീ. എം. എം. മണി**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെയും പരിശ്രമങ്ങളുടെയും ഫലമായി കോൾ ലിങ്കേജ് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ ലഭ്യമാകുന്ന കൽക്കരിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ ഘട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ നിലവിലെ താപവൈദ്യുത ഉല്പാദന ശേഷി എത്രയാണെന്നും അത് എത്രയാക്കി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

## ഭവന നിർമ്മാണത്തിന് എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടി

716 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 110 കെ.വി. ഇലക്ട്രിക് ലൈനിന് കീഴിൽ സ്ഥിതി ചെയ്യുന്ന ജീർണ്ണാവസ്ഥയിലുള്ള വീടുകൾ ലൈഫ് മിഷൻ, പുനർഗേഹം, പി.എം.എ.വൈ. മുതലായ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് വൈദ്യുത വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം നിർമ്മാണം മുടങ്ങിപ്പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഭവന നിർമ്മാണത്തിന് എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തിലെ ശ്രീമതി നീലി, ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വൈദ്യുതി

717 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ കേന്ദ്ര വിഹിതമായി നാളിതുവരെ ലഭിക്കേണ്ടിയിരുന്ന വൈദ്യുതി എത്രയെന്നും ഇതിൽ എത്ര മെഗാവാട്ട് വൈദ്യുതി ലഭിച്ചുവെന്നും അറിയിക്കുമോ;

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് കേന്ദ്ര വിഹിതത്തിൽ വന്ന വർദ്ധനവ്/കുറവ് സംബന്ധിച്ച് വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ വൈദ്യുതി ഉത്പാദന നിലവാരം വ്യക്തമാക്കുമോ;

(ഡി) പുതിയ വൈദ്യുതി നിരക്ക് വർദ്ധനവിന്റെ ഫലമായി ബോർഡിന്റെ വരുമാനത്തിൽ

ഉണ്ടായിരിക്കുന്ന വർദ്ധനവ് സംബന്ധിച്ച് വിശദമാക്കുമോ?

## സൗജന്യ കാർഷിക കണക്ഷനുകൾ- സോളാർ വൈദ്യുതിയിലേക്ക്

718 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സൗജന്യ കാർഷിക കണക്ഷനുകൾ കാർബൺ ന്യൂട്രൽ കൃഷിയിടം പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ വൈദ്യുതിയിലേക്ക് മാറ്റുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കോൾപ്പടവുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പി.എം. സൂര്യഘർ പദ്ധതി

719 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. സൂര്യഘർ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്ത് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറിയിക്കുമോ ;

(സി) സോളാർ പ്ലാന്റുകൾക്കുള്ള മീറ്റർ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഹരിത ഊർജ്ജ വരുമാന പദ്ധതി

720 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹരിത ഊർജ്ജ വരുമാന പദ്ധതി' മുഖേന എത്ര വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പാങ്ങോട്, മുണ്ടൻകുന്ന് എസ്.റ്റി. നഗറുകളിൽ നിർമ്മിച്ചിട്ടുള്ള 92 വീടുകളിൽ സൗജന്യ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

## സഹകരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സിസ്റ്റം

721 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ പിന്തുടരുന്ന സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം മാറ്റി ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലേക്ക് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

722 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രതിവർഷം ഓഡിറ്റ് നടത്തുന്നതിലേക്കും മറ്റുമായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും വകുപ്പ് ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വകുപ്പ് എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## സഹകരണ സ്ഥാപനങ്ങളുടെ പൊതു വിപണിയിലെ ഇടപെടലുകൾ

723 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി പൊതു വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സാധാരണക്കാരായ പൊതുജനങ്ങൾ ആശ്രയിക്കുന്ന സഹകരണ മാവേലി സ്റ്റോറുകളിൽ വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് മുഖേന പദ്ധതി

724 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് സാധിക്കാത്ത സഹകരണ സംഘങ്ങൾക്ക്, നിക്ഷേപം തിരികെ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് മുഖേന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ

725 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയുടെ അധികാരത്തിന്മേൽ കടന്നുകയറ്റം വിധമുള്ള കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഏതെല്ലാം തരത്തിലാണ് പ്രയാസമുണ്ടാക്കുന്നതെന്നും അത്തരം ഇടപെടലുകൾ ഏതൊക്കെയാണെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുവരെ ഏതെല്ലാം മൾട്ടി സ്റ്റേറ്റ് സൊസൈറ്റികൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**സഹകരണ മേഖലയിൽ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ**

726 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് മാതൃകയിൽ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സഹകരണ മേഖലയിലെ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ അലവൻസ് തുക ഉപയോഗിച്ച് ഇൻഷുറൻസ് ഏർപ്പെടുത്താനുള്ള പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള യോഗ്യത**

727 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്നൗ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽനിന്നുള്ള എച്ച്.ഡി.സി.എം. സർട്ടിഫിക്കറ്റ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

**സഹകരണ ബാങ്കുകളിലെ നിയമനക്കോഴ സംബന്ധിച്ച വകുപ്പുതല അന്വേഷണം**

728 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ ഉണ്ടായതായി പറയപ്പെടുന്ന നിയമനക്കോഴ സംബന്ധിച്ച വിവാദങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; പ്രസ്തുത വിവാദത്തിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) നിയമനക്കോഴ സംബന്ധിച്ച് സഹകരണ വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിലവിലെ സാഹചര്യം കണക്കിലെടുത്തും വിശദമായ അന്വേഷണത്തിന് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ അന്വേഷണപരിധിയിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം തുടർ നടപടികളാണ് വകുപ്പ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**സഹകരണ സ്ഥാപനങ്ങളിലെ ജി.എസ്.ടി. ഓഡിറ്റ്**

729 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ജി.എസ്.ടി. ഓഡിറ്റ് വിഭാഗം 2024 ലും 2025 ലും നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) തുക ഈടാക്കി വർഷംതോറും നിർബന്ധിത ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടും ഇത്തരത്തിലുള്ള തെറ്റുകൾ കണ്ടെത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## സഹകാരി സാന്ത്വനം പദ്ധതി

730 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകാരി സാന്ത്വനം പദ്ധതി പ്രകാരം എത്ര സഹകാരികൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സഹകരണ മേഖലയിൽ നാലാം നൂറുദിന കർമ്മ പരിപാടി

731 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ ഡി കെ മുരളി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ വികസനത്തിന് ഹ്രസ്വകാല പ്രവർത്തനങ്ങളായി സർക്കാർ മുന്നോട്ട് വച്ച നാലാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഏറ്റെടുത്ത മുഴുവൻ പദ്ധതികളും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലയാള ഭാഷയുടെ പൈതൃകം അടുത്ത തലമുറയ്ക്ക് പകർന്നു നൽകുന്നത് ലക്ഷ്യമിട്ട് അക്ഷരം മ്യൂസിയം സ്ഥാപിക്കാൻ നടപടിയെടുത്തിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിനായി സഹകരണ മേഖലയിൽ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

## റിസ്ക് ഫണ്ട്

732 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റിസ്ക് ഫണ്ട് ഇനത്തിൽ എത്ര കോടി രൂപയുടെ ആനുകൂല്യമാണ് വിതരണം ചെയ്തതെന്ന് അറിയിക്കുമോ;

(ബി) റിസ്ക് ഫണ്ട് ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഏത് വർഷം, ഏത് മാസം വരെ ലഭിച്ച അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്നും എത്ര അപേക്ഷകളാണ് നിലവിൽ ബാക്കിയുള്ളതെന്നും വിശദമാക്കാമോ?

## സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

733 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കേരള ബാങ്കിലെ ഒഴിവുകൾ

734 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കേരള ബാങ്കിൽ ഏതെങ്കിലും തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം

735 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ അംഗങ്ങൾക്ക് റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം വിഭാഗത്തിലാണ് റിസ്ക്ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതെന്നറിയിക്കാമോ;

(സി) സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്ത അംഗം മരണമടഞ്ഞാൽ ആറ് മാസത്തിൽ താഴെ കുടിശികയുള്ളവർക്കുമാത്രമാണ് റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുക എന്ന നിർദേശം പരിഷ്കരിച്ച് കുടിശിക കാലയളവ് ചുരുങ്ങിയത് ഒരു വർഷക്കാലമെങ്കിലുമായി മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പിറവം മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് വിതരണം

736 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി

സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കുന്നത്തുനാട് മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര പേർക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായുള്ള അപേക്ഷകളിന്മേൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ ബാക്കിയുണ്ടെന്നും എത്ര അപേക്ഷകൾ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) അർഹരായ മുഴുവൻ അപേക്ഷകർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മുക്കം സർവീസ് സഹകരണ ബാങ്കിൽ സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം

737 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-13, 2013-18 കാലയളവുകളിൽ മുക്കം സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## സഹകരണ ബാങ്കുകളിലെ വായ്പ തിരിച്ചടവ്

738 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സഹകരണ ബാങ്കുകളിലെ വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയ ധാരാളം പേർക്ക് വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം സമാശ്വാസം ലഭിക്കുന്നുണ്ടെങ്കിലും ചില ബാങ്കുകളുടെ പെരുമാറ്റം പൊതുജനങ്ങളിൽ ഭീതി ഉളവാക്കുന്നത് ഒഴിവാക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ;

(ബി) വായ്പ തിരിച്ചടവ് ദീർഘിപ്പിക്കാമെന്ന് പറഞ്ഞ് ചില ഏജൻസികൾ ഇത്തരം കടക്കാരെ സമീപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സഹകരണ ബാങ്കുകളിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ

739 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ?

**<u>മണലൂർ മണ്ഡലത്തിലെ സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് പദ്ധതി</u>**

740 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വായ്പ എടുത്തവരിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സഹകരണ ബാങ്കുകളിൽ നിന്നും എത്ര രൂപ വീതമാണ് ആനുകൂല്യമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നും അവ എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്നും അറിയിക്കുമോ;

(ഡി) റിസ്ക് ഫണ്ട് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലെ നിയമനം</u>**

741 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റൻറ് തസ്തികയിൽ നിന്നും അസിസ്റ്റൻറ് മാനേജർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം വേണമെന്ന മാനദണ്ഡം ഒരു വർഷമാക്കി കുറയ്ക്കുന്നതിനുള്ള ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിൽ അസിസ്റ്റൻറ് മാനേജർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(സി) അസിസ്റ്റൻറ് മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റുമാരിൽ നിന്നും ഉദ്യോഗക്കയറ്റം വഴി നിയമനം നടത്താൻ മാറ്റിവെച്ചിരിക്കുന്ന തസ്തികകളുടെ എണ്ണം ലഭ്യമാക്കുമോ?

**<u>ലേല സ്ഥിരീകരണം വേഗത്തിലാക്കാൻ നടപടി</u>**

742 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്ന് അനുവദിക്കുന്ന വായ്പകളിൽ, തവണ മുടങ്ങി കുടിശ്ശിക വരുത്തി തുക തിരിച്ചടക്കാതെ ഉപേക്ഷിക്കുന്ന ഈട് വസ്തുക്കൾ ലേലത്തിൽ ഏറ്റെടുക്കാനാളില്ലാത്ത സാഹചര്യത്തിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കി ബാങ്ക് തന്നെ ലേലം കൊള്ളുന്ന വസ്തുക്കൾക്ക്

സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുമൂലം വായ്പാ കുടിശ്ശിക തുക ദിനംപ്രതി വർദ്ധിച്ചുവരുമെന്നതിനാൽ ലേല സ്ഥിരീകരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി

743 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി സ്ഥാപകരുടെയും നിലവിലുള്ള ഭരണസമതി അംഗങ്ങളുടെയും മുൻകാല അംഗങ്ങളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സൊസൈറ്റിക്ക് നാളിതുവരെ സർക്കാർ നൽകിയ ഗ്രാന്റും സൊസൈറ്റിയുടെ വിവിധ പദ്ധതികൾക്കായി നൽകിയ സാമ്പത്തിക സഹായങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങൾ, കേരള ബാങ്ക് (മുൻ ജില്ല/സംസ്ഥാന സഹകരണ ബാങ്ക്) എന്നിവിടങ്ങളിൽ നിന്നും എത്ര തുക നിക്ഷേപമായും കടമായും പ്രസ്തുത സൊസൈറ്റി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദ വിവരങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത സൊസൈറ്റിയുടെ ഷെയർ ഏതൊക്കെ തരത്തിലാണെന്നും ആരൊക്കെയാണ് ഷെയർ ഹോൾഡർമാരെന്നുമുള്ള പൂർണ്ണ വിവരം നൽകാമോ;

(ഇ) കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും പ്രസ്തുത സൊസൈറ്റി പണം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുക യുണിറ്റ് അടിസ്ഥാനത്തിൽ വേർതിരിച്ച് ലഭ്യമാക്കാമോ;

(എഫ്) പൊതുജനങ്ങളിൽ നിന്ന് എത്ര തുക വായ്പയായും ഡെപ്പോസിറ്റായും സമാഹരിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ജി) നിലവിൽ സൊസൈറ്റിക്ക് എത്ര രൂപയുടെ ബാധ്യതയുണ്ടെന്നുള്ള വിവരം വ്യക്തികൾ, സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് നൽകാമോ?

## സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം

744 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ ജീവനക്കാർ എത്രയാണെന്നും ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ;

(ബി) നാളിതുവരെയുള്ള കണക്കുകൾ പ്രകാരം ബോർഡിന്റേതായി വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ട ആകെ തുക എത്രയാണെന്നും ഏതെല്ലാം

സ്ഥാപനങ്ങളിൽ എത്ര കാലത്തേയ്ക്കാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ബോർഡിന്റെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ തുടങ്ങിയവയ്ക്ക് വാടകയിനത്തിൽ പ്രതിവർഷം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും മുൻ വർഷം പ്രസ്തുത ഇനത്തിലെ ചെലവ് എത്രയായിരുന്നുവെന്നും അറിയിക്കാമോ;

(ഡി) 2024-25 സാമ്പത്തിക വർഷം എത്രപേർക്ക് റിസ്ക് ഫണ്ട് വഴി ധനസഹായം നൽകിയിട്ടുണ്ടെന്നും കോട്ടയം ജില്ലയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും ധനസഹായം നൽകുന്നതിന് മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

## ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ എസ്.സി., എസ്.ടി. സഹകരണ സംഘങ്ങൾ

745 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര എസ്.സി., എസ്.ടി. സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണെന്നും വ്യക്തമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര എസ്.സി., എസ്.ടി. സഹകരണ സംഘങ്ങളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇവയിൽ എത്ര സൊസൈറ്റികൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്നും അറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ എസ്.സി., എസ്.ടി. സൊസൈറ്റികൾക്കാണ് സർക്കാർ വിവിധ പദ്ധതികൾക്കായി ധനസഹായം നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

## നവകേരളീയം കുടിശ്ശിക നിവാരണം

746 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ വായ്പ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

747 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുടിശ്ശിക നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ വഴിയുള്ള ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്രയാളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്ര തുക സഹകരണ സംഘങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും പലിശ, പിഴപലിശ എന്നിവ ഒഴിവാക്കിയതിലൂടെ സംഘങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന തുകയിൽ എത്ര രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; വിശദമാക്കാമോ?

**കേരള സഹകരണ സംഘം ചട്ടത്തിൽ ഭേദഗതി**

748 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2022-ന് അനുസൃതമായി കേരള സഹകരണ സംഘം ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ?

**സഹകാരികൾക്ക് കടാശ്വാസ കമ്മീഷൻ ഇളവ് അനുവദിച്ച നടപടി**

749 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ സ്ഥാപനങ്ങളിൽ കുടിശ്ശിക വരുത്തിയ സഹകാരികൾക്ക് കടാശ്വാസ കമ്മീഷൻ ഇളവ് അനുവദിച്ചതുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്ക് വലിയ തുക നൽകാനുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കാർഷിക വായ്പകൾക്ക് ഉത്തേജന പലിശയിളവ് നൽകിയ ഇനത്തിൽ കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും സർവ്വീസ് സഹകരണ ബാങ്കുകൾക്കും നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് നൽകാമോ;

(സി) പ്രസ്തുത കുടിശ്ശികകൾ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**നെൽകർഷകരുടെ ഉന്നമനത്തിനായുള്ള സഹകരണ സംഘങ്ങൾ**

750 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകരുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ പദ്ധതി**

751 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിച്ച രാജേന്ദ്രൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ട് പെൻഷൻ സംഘടനകളുമായി ചർച്ച ചെയ്ത് അപാകതകൾ പരിഹരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കാമോ;

(ബി) സഹകരണ പെൻഷൻകാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഡി.എ. പുന:സ്ഥാപിക്കുമോയെന്ന് അറിയിക്കാമോ;

(സി) രാജേന്ദ്രൻ നായർ കമ്മിറ്റി ശിപാർശ ചെയ്ത 2% വർദ്ധനവ് ഉടൻ നൽകുവാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്കിൽ നിന്നും റിട്ടയർ ചെയ്തവരുടെ പ്രതിനിധികളെ സഹകരണ പെൻഷൻ ബോർഡിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഇ) സഹകരണ പെൻഷൻകാർക്കായി പെൻഷൻ ബോർഡിന്റെ നേതൃത്വത്തിൽ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ?

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

752 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; ഇതിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

## വയബിലിറ്റി ഗ്യാപ് ഫണ്ട്

753 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം മുകേഷ്**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; തുറമുഖത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തുറമുഖത്തിന് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഈ ഫണ്ട് പല മടങ്ങായി തിരിച്ചടയ്ക്കണമെന്ന നിബന്ധന നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) രാജ്യത്തെ മറ്റ് തുറമുഖങ്ങൾക്ക് അനുവദിച്ചിട്ടുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് തിരിച്ചടക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ കേന്ദ്രനിലപാട് സംസ്ഥാന താൽപര്യത്തിന് വിഘാതമാകുമോ; വിശദീകരിക്കുമോ;

(ഡി) വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഒറ്റത്തവണ ഗ്രാന്റായി ലഭിക്കേണ്ട തുക മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തിരിച്ചടയ്ക്കണമെന്ന കേന്ദ്രസർക്കാർ നിലപാടിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

## കോഴിക്കോട് ശാന്തിനഗർ കോളനിയിൽ ഗ്രൗണ്ട് നിർമ്മാണം

754 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ശാന്തിനഗർ കോളനിയിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് തുറമുഖ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയെയാണ് പ്രവൃത്തി നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

**<u>കോഴിക്കോട് ബീച്ചിൽ വഴിയോര വിശ്രമകേന്ദ്ര നിർമ്മാണം</u>**

755 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിൽ വഴിയോര വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയത് പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

**<u>മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം</u>**

756 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ പ്രവർത്തിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

**<u>ക്ഷേത്രങ്ങളെ സംബന്ധിച്ച ഏകീകൃത വെബ്സൈറ്റ് സ്ഥാപിക്കാൻ നടപടി</u>**

757 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളെ സംബന്ധിച്ച വിശദാംശങ്ങളെല്ലാം ഒരു കുടക്കീഴിൽ ലഭ്യമാകുന്ന വിധത്തിൽ ഒരു പൊതു വെബ്സൈറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വെബ്സൈറ്റിൽ ഓരോ ക്ഷേത്രങ്ങളുടെയും ആചാരവിധികൾ, ഐതിഹ്യങ്ങൾ, വഴിപാടുകളുടെയും ഉത്സവങ്ങളുടെയും വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പിൽഗ്രിം ടൂറിസത്തിന് ഏറെ ഗുണകരമായ ഈ വെബ്സൈറ്റ് അടിയന്തരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വ്യാജ വാർത്തക്കെതിരെ നിയമ നടപടി</u>**

758 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) "ശബരിമലയിൽ നിന്ന് സർക്കാരിന്റെ ഖജനാവിലേക്ക് ഇത്തവണ എത്തിയത് 440 കോടി രൂപ" എന്ന് മനോരമ ഓൺലൈൻ 23.01.2025-ന് നൽകിയ വ്യാജ വാർത്ത

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വാർത്തക്കെതിരെ നിയമ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ശബരിമല തീർത്ഥാടന വികസന പദ്ധതികൾ

759 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എത്ര രൂപയുടെ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏതുതരത്തിലുള്ള സഹായമാണ് സർക്കാരും ദേവസ്വം ബോർഡുകളും നൽകുന്നതെന്ന് വ്യക്തമാക്കുമോ?

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

760 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിലുള്ള ക്ഷേത്രങ്ങളെ എത്ര വിഭാഗമായി തരം തിരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

## കാട്ടാക്കട മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ

761 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത ക്ഷേത്രങ്ങളുടെ ഭൂമിയുടെ അളവ് സംബന്ധിച്ചും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ?

## മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർ

762 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിൽ സി, ഡി ക്ലാസ്സുകളിൽ നിലവിൽ എത്ര ജീവനക്കാർ ജോലിചെയ്തുവരുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി കൊടുത്തു തീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

763 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം നിർമ്മിച്ച് നൽകുന്ന ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

**<u>ദേവസ്വം ബോർഡ് ഭരണ സമിതികളുടെ കാലാവധി ഏകീകരിക്കുന്നതിന് നടപടി</u>**

764 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡ് ഭരണ സമിതികളുടെ നിലവിലെ കാലാവധി എത്രയാണെന്നും പ്രസ്തുത കാലാവധി നീട്ടുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ബി) ഭരണ സമിതികളുടെ കാലാവധി കുറയുന്നത് വികസന പ്രവർത്തനങ്ങൾക്കും പദ്ധതികളുടെ ആവിഷ്കരണത്തിലും തടസ്സമാകുന്നത് കണക്കിലെടുത്ത് കാലാവധി ഏകീകരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മലബാർ ദേവസ്വം ബോർഡിനുള്ള ഗ്രാന്റ്</u>**

765 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ് ഇനത്തിൽ 2024-25 സാമ്പത്തിക വർഷം എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ ഇതേവരെ എത്ര തുക അനുവദിച്ചുവെന്നും ബാക്കി തുക എന്നത്തേയ്ക്ക് അനുവദിക്കുമെന്നും വ്യക്തമാക്കുമോ;

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷിക്കാരുടെ നിയമനം</u>**

766 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം ക്ഷേത്ര ജീവനക്കാരിൽ നിന്നും എത്ര പേരെ തസ്തിക മാറ്റം വഴി പ്യൂൺ തസ്തികയിൽ നിയമിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തസ്തിക മാറ്റം വഴി ക്ഷേത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആനുപാതികമായി എത്ര ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇപ്രകാരം നിയമിച്ചവരുടെ പട്ടിക ലഭ്യമാക്കുമോ;

(സി) ക്ഷേത്ര ജീവനക്കാരിൽ എത്ര ഭിന്നശേഷി ജീവനക്കാരുണ്ടെന്നും സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം പ്രസ്തുത ജീവനക്കാർക്ക് പ്യൂൺ തസ്തികയിൽ ആനുപാതികമായോ അല്ലാതെയോ നാളിതുവരെ നിയമനം നൽകിയിട്ടില്ലെങ്കിൽ ബാക്ക് ലോഗ് കണക്കിലെടുത്ത് അർഹതപ്പെട്ട ഭിന്നശേഷിക്കാർക്ക് നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

767 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

## കാട്ടാക്കടയിൽ ദേവസ്വം ബോർഡിന് കീഴിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജ്

768 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ തൃക്കാഞ്ഞിരപുരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും ഇതിനായി ബോർഡ് സ്വീകരിച്ച നടപടികളും ആയതിന്റെ പകർപ്പുകളും ലഭ്യമാക്കാമോ;

(ബി) ബോർഡിന് കീഴിൽ സ്വാശ്രയ മേഖലയിൽ പ്രസ്തുത കോളേജ് ആരംഭിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തിരുനാവായ ക്ഷേത്രത്തിലെ ബലിതർപ്പണ കടവിന്റെ നീളം വർദ്ധിപ്പിക്കുന്നതിന് നടപടി

769 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ തിരുനാവായ ക്ഷേത്രത്തിൽ ബലിതർപ്പണത്തിനായി നിലവിൽ നിർമ്മിച്ചിട്ടുള്ള കടവിന്റെ നീളം എത്രയാണെന്ന് അറിയിക്കുമോ;

(ബി) കടവിന്റെ നീളം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നോ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കർക്കിടക വാവിലെ ബലിതർപ്പണത്തിന് പ്രസ്തുത ക്ഷേത്രത്തിൽ എത്തുന്ന ആളുകളുടെ എണ്ണം ഏകദേശം എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ക്ഷേത്രക്കടവിന്റെ നീളം അപര്യാപ്തമായതിനാൽ കർക്കിടക വാവിലെ ബലിതർപ്പണത്തിന് ഉണ്ടാകുന്ന തിക്കും തിരക്കും കാരണം അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിലെ ശബരിമല ഇടത്താവള നിർമ്മാണം

770 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മഹാദേവ ക്ഷേത്രാങ്കണത്തിൽ നടന്നു വരുന്ന ശബരിമല ഇടത്താവളം പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുന്നതിന് ഉദ്ദേശിക്കുന്ന തീയതി വ്യക്തമാക്കാമോ?

**ദേവസ്വം സ്ഥലം വഴിയ്ക്കായി വിട്ടു കൊടുക്കുന്നതിന് നടപടി**

771 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭയിലെ ദ്വാരക ബീച്ചിൽ താമസിക്കുന്നവർക്ക് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സ്ഥലം വഴിയ്ക്കായി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്ഥലം വിട്ടുകൊടുക്കുന്നതിന് ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കമ്മീഷണർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**ഗുരുവായൂർ ദേവസ്വത്തിന്റെ കദളീവനം പദ്ധതി**

772 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി കോവിഡ് കാലം വരെ മികച്ച രീതിയിൽ നടപ്പാക്കിയിരുന്നതും പിന്നീട് നിർത്തിവച്ചതുമായ ഗുരുവായൂർ ദേവസ്വത്തിന്റെ കദളീവനം പദ്ധതി പുനരാരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കദളീവനം പദ്ധതി**

773 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന കദളിപ്പഴം ഗുരുവായൂർ ക്ഷേത്രത്തിൽ വിതരണം ചെയ്യുന്നത് നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡിനെ തുടർന്ന് നിർത്തിവച്ച പ്രസ്തുത പദ്ധതി പുനരാരംഭിച്ച് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴിയുള്ള കദളിപ്പഴ വിതരണം തുടരുന്നതിന് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) മുൻപ് റവന്യൂ(ദേവസ്വം) വകുപ്പിന്റെ അനുമതി ലഭിച്ച പ്രസ്തുത പദ്ധതിക്ക് തുടർന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
02-02-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ

തലേദിവസം വൈകുന്നേരം 5 മണിക്ക്
മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].